For Private Circulation Only

October 2022

# ആഗമദൂതൻ

HOLY BIBLE

Vol.69 | “ ഉണർന്നിരിപ്പിൻ; വിശ്വാസത്തിൽ നിലനില്പിൻ; പുരുഷത്വം കാണിപ്പിൻ, ശക്തിപ്പെടുവിൻ ” (1കൊരി. 16:13) | No.10

## സ്വർഗ്ഗം അയച്ചിരിക്കുന്ന ഉണർവ്വ് ഒരു ജനതയെ രക്ഷിക്കും

By Al Whittinghill

ചരിത്രം രേഖപ്പെടുത്തിയിരിക്കുകയാണ് ഒരിക്കൽ ഉണ്ടായിരുന്ന മഹത്തായ സാമ്രാജ്യത്തെ കുറിച്ച്, ഓരോ സാമ്രാജ്യങ്ങൾക്കും അവരുടെതായ വളരെ പ്രധാനപ്പെട്ട അവസരങ്ങൾ ഉണ്ടായിരുന്നു. ലോകത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുവാൻ അവർ വളരെ അധികം ഉന്നതി പ്രാപിക്കുകയും അതുപോലെ എല്ലാ അവസരങ്ങളും അവരുടെ പ്രാമാണ്യത്തിനായിട്ടു ഉപയോഗിക്കുകയും ചെയ്തു, എന്നിട്ടും ഇന്ന് അവരൊക്കെയും ഒരു ഓർമ്മ മാത്രമായിരിക്കുന്നു. അമേരിക്കയ്ക്കു ഇത് ഒരു യ ഥാർത്ഥ്യം ആണോ? അനേകം ചരിത്രകാരൻമാർ വിവരപ്പട്ടിക ആയിട്ടു രേഖപ്പെടുത്തിയിരിക്കുകയാണ്. മനുഷ്യലോകത്തിന്റെ കൊടും ദുരിതം അല്ലെങ്കിൽ മരണത്തിന്റെ രോഗനിദാനം ആയിതീർന്ന മനുഷ്യസമൂഹങ്ങളും അതുപോലെ രോഗനിർണ്ണയങ്ങളുടെ ആപത്സൂചികധ്വനിയും! രാഷ്ട്രം വാസ്തവത്തിൽ മരിക്കുന്നില്ല. അവർ സംശയം തീർത്തിരിക്കുന്നത് ഒരു സാവധാനത്തിലുള്ള ദ്രവീകരണവും അതിലുള്ള ചീഞ്ഞഴുകലുമാണെന്നാണ്. ശിഥിലീകരണത്താൽ അവർ സ്വയം നശിക്കുകയാണ് അതുപോലെ അതിലടങ്ങിയിരിക്കുന്ന എല്ലാ വിധമായ തിന്മകളാലും അതുപോലെ പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ചും യാതൊരു വിധമായ ശ്രദ്ധയും ഇല്ല. അവർ ദൈവത്തെയും അവിടുത്തെ സത്യത്തെയും മറക്കുകയാണ്.

രാഷ്ട്രം മരിക്കുവാൻ തയ്യാറായിട്ട് ഇരിക്കുകയാണ്. അവിടെയുള്ള നിയമവിരുദ്ധമായ പ്രവണതകളാലും, സാമ്പത്തിക അസ്ഥിരതകളാലും, മൂല്യചൂതികളാലും, സ്വാർത്ഥത നിറഞ്ഞ ജീവിത രീതികളാലും തകിടം മറിഞ്ഞ സാമൂഹിക വ്യവസ്ഥകളാലും ക്രമസമാധാനം കാത്തു സൂക്ഷിക്കുവാൻ പറ്റാത്ത സാഹചര്യത്തിലായിരിക്കുകയാണ്. പുതിയ നിയമങ്ങൾ ആകുന്ന മഹാവിപത്തിന്റെ മദ്ധ്യത്തിൽ അപ്പോൾ മ്ലേച്ഛസ്വഭാവം ഉള്ളവൻ വരികയും അതുപോലെ നുഴഞ്ഞ് കയറുകയും രാഷ്ട്രത്തിന് നേരിടുവാൻ സാധിക്കാതെയും വരും. ആദ്യന്തങ്ങളായ കലാപങ്ങളെ, രാഷ്ട്രത്തിന്റെ ധാർമ്മികതയെ നഷ്ടപ്പെടുത്തുകയും അതുപോലെ ഇന്നത്തെ മനുഷ്യർ അവർ സ്വയം ത്യാഗികളായിട്ട് മാറുന്നും ഇല്ല. രാഷ്ട്രം ചിന്നഭിന്നമാകുകയും അതു മുഴുവനും അനവധി പ്രശ്നങ്ങളാൽ നിറയപ്പെട്ടും ഇരിക്കുന്നു.

ഇവകളൊക്കെയാണ് രാഷ്ട്രങ്ങളുടെ ബുദ്ധിമോശമായ പെരുമാറ്റത്താൽ ആപത്തുകളിലേയ്ക്ക് നയിക്കുന്ന ഗുപ്തമായ പാതകൾ, അതുപോലെ ഈ സൂചനകളെല്ലാം തന്നേ ഏതു രാഷ്ട്രത്തിനുമുള്ള രൂക്ഷമായ മുന്നറിയിപ്പുകളും ആണ്. അതൊക്കെയും ശരിയായ അപകടസൂചനകളാണ്. ഉണരുവാനുള്ള, കർത്താവിങ്കലേയ്ക്കു തിരിയുവാനുള്ള അതുപലെ ദൈവത്തിൽ നന്നു അകന്നുപോയിരിക്കുന്ന ആ മാരകമായ മറവിയുടെ അവസ്ഥകൾക്ക് ഒരു വിരാമം കല്പിക്കുന്നു.

ഒരു രാഷ്ട്രം ദൈവത്തെ മറക്കുന്നു എങ്കിൽ യാതൊരു അവസരവും അവർക്ക് ലഭിക്കുകയില്ല. ഇത് വിഗ്രഹാരാധനയ്ക്കുള്ള ശിക്ഷയായ മരണമാണ്. അവനെ ഭയപ്പെടാതിരിക്കുന്ന രാഷ്ട്രം അതുപോലെ അവനെ മറക്കുകയും ചെയ്യുമ്പോൾ വളരെ വിരളമായിട്ടാണ് അവിടുന്നുള്ള മുന്നറിയിപ്പുകളെ ശ്രവിക്കുന്നത്. അതിനു കാരണമായിട്ടു ചരിത്രത്തിൽ തന്നേ ആവർത്തിക്കുന്നത് അനേകം ആൾക്കാർ ആരംഭത്തിൽ അവനെ ശ്രദ്ധിക്കുന്നില്ലായെന്നാണ്. ആരോ ഇങ്ങനെ പറഞ്ഞിട്ടുണ്ട്. “ പഴയനില്ലാതെ ഭാവിയെ കാണുവാൻ കഴിയുകയില്ല ” എന്ന് (ഇയ്യോ. 8:8-13 ഉം സഭാപ്രസംഗി 1:9,10). ഒന്നു കാണുക. അരിസ്റ്റോട്ടിൽ ആദ്യം പറഞ്ഞത് പോലെ ആരൊക്കെയാണോ ചിരത്രത്തെ അറിയാതെ ഇരിക്കുന്നവർ അത് അവർക്ക് ആവർത്തനത്തിനുള്ള വിധിയാണ്. ചരിത്രത്തിന്റെ പാഠങ്ങൾ നമ്മെ ചരിത്രത്തിന്റെ കർത്താവായ വങ്കലേക്കു നയിക്കുന്നുവെന്നാണ് അർത്ഥം. അത് വാസ്തവം ആയിട്ടും അവന്റെ കഥ ആകുന്നു. അതുപോലെ അന്ന് സ്നേഹത്തോടെയും പ്രായോഗികമായിട്ടു നമ്മോടു ഉറക്കെ പറയുകയാണ്. അതായത് എല്ലാ വ്യക്തികളും രാഷ്ട്രവും അവന്റെ മുമ്പാകെ കണക്ക് ബോധിപ്പിക്കേണ്ട വരുമെന്ന്. ഉയർത്തെഴുന്നേറ്റ നമ്മുടെ കർത്താവിന്റെ പാദത്തിങ്കൽ ചരിത്രം അവസാനിക്കുന്നു. “എല്ലാ മുഴങ്കാലും മടങ്ങും എല്ലാ നാവും പറയും യേശു കർത്താവായ ക്രിസ്തുവെന്ന്.”

**ഉണർവ്വിന്റെ പ്രതീക്ഷ**

ദൈവം ആവർത്തിച്ച് ഒരു രാഷ്ട്രത്തിനെ (ജനതയെ) മുന്നറിയിപ്പു നല്കുകയാണ് അനവധി മാർഗ്ഗങ്ങളിൽ കൂടി അവൻ ആ ജനതയെ മാറ്റികളയുന്നതിന്റെ മുമ്പെ ഏറ്റവും വലിയ പ്രതീക്ഷയാണ് ഒരു വഴിതെറ്റിയ രാഷ്ട്രത്തെ ദൈവം വളരെ ദയയോടുകൂടി അവിടുത്തെ ശക്തമായ ആത്മാവിനെ അവരുടമേൽ അയക്കുകയും ആ രാഷ്ട്രവും അതിലെ ജനത്തേയും ഒരു നല്ല നിലയിലുള്ള ബന്ധം അവനുമായിട്ട് സ്ഥാപിക്കുന്നതിനു വേണ്ടിയും. തീർച്ചയായിട്ടും ജനം ദൈവത്തിന്റെ വെളിപ്പാടിനോടു പ്രതികരിക്കുകയും അതുപോലെ ആ രാജ്യത്തിൽ ദൈവസാന്നിധ്യം ഉണ്ടാകുവാൻ ദൈവത്തെ അനുവദിക്കുവാനും (പഴയനിയമത്തിൽ പറഞ്ഞിരിക്കുന്ന നിനവേ എന്ന രാജ്യം ഇതിനുള്ള ഒരു നല്ല ഉദാഹരണമാണ്, ദൈവത്തിനു ആ രാജ്യത്തിനോടു ദയ ഉണ്ടാകുകയും ചെയ്തു. അവന്റെ വചനത്തെ ശ്രവിച്ചപ്പോൾ ആ ജനം മാനസാന്തര ഹൃദയത്തോട് പ്രതികരിച്ചതിനാൽ). അമേരിക്കയിലാകട്ടെ, ശരിയായ ഉണർവ്വ് വെറുതെ ജനത്തെ ഉണർത്തികൊണ്ട് ഇത് ഇന്നത്തെ നമ്മുടെ തലമുറയുടെ ഒരു വലിയ ആവശ്യം ആണെന്ന് പറഞ്ഞതു

(ശേഷം 2-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

**സ്വർഗ്ഗം അയച്ചിരിക്കുന്ന ഉണർവ്വ് ഒരു ജനതെ രക്ഷിക്കും**

കൊണ്ട് അവിടെ ഉണർവ്വ് വരികിയില്ല. ഇപ്പോഴുള്ള നമ്മുടെ പാപവും അതുപോലെ തെറ്റുകളും കണ്ട് ബോധവാന്മാർ ആകുന്നതിൽ നാം വിജയിച്ചാലും ഉണർവ്വ് അത് വെറുതെ വരുന്നില്ല. അനവധിയായിട്ടുള്ള മീറ്റിംഗുകളിൽ നാം സംബന്ധിച്ച് അവിടെവെച്ച് നാം ബോധവാൻമാരാകുന്നതിനാൽ ഉണർവ്വ് വരുന്നില്ല. അതുപോലെ ഇങ്ങനെയുള്ള മീറ്റിംഗുകളിലൂടെ നമ്മെ ഉണർവുള്ളവരാക്കി തീർക്കുവാനുള്ള ശ്രമങ്ങളും പരാജയമാണ്; അതിനെക്കുറിച്ചുള്ള പാട്ടുകൾ പാടിയാലും ജനം ശരിയായ നിലയിൽ ഭയമുള്ളവരായി തീരുന്നില്ലെങ്കിൽ ഉണർവ്വ് സംഭവിക്കുന്നില്ല. നാം എത്ര മാത്രം വിജയിച്ചുവെന്നു പറഞ്ഞാലും അതായത് ആസന്നമായിരിക്കുന്ന ന്യായവിധിയെ കുറിച്ചുള്ള വെളിപ്പാടോടുകൂടി ജീവിക്കുമ്പോഴും.

ഉണർവ്വ് വരുന്നത് അത് ദൈവത്തിന്റെ പരമാധികാരമായ കൃപയെ ദൈവജനത്തിനു ദൈവീക വെളിപ്പാടുകളിൽ കൂടി നല്കുമ്പോൾ അവൻ ആരാണെന്നും അതുപോലെ അവനിലുള്ള വിശ്വാസത്താൽ പ്രതികരിക്കുകയും ചെയ്യുമ്പോഴാണ്. ഇത് സംഭവിക്കുന്നത് ഒരുമിച്ച് കൂടിച്ചേർന്ന് വിശ്വസിച്ചുള്ള പ്രാർത്ഥനയാൽ അതിനെ ഗ്രഹിക്കുമ്പോഴും അതായത് നിത്യതയെ ഗ്രഹിക്കുവാനും അതുപോലെ സ്വർഗ്ഗം തുറന്ന് ആധികാരികമായ ഉണർവ്വ് വെളിപ്പെടുത്തുകയും ചെയ്യുമ്പോൾ ദൈവജനത്തിൽ എന്താണ് കൊണ്ടുവരുന്നത്. അവർ ആയിരിക്കുന്ന സ്ഥലങ്ങളിൽ അവന്റെ സ്വർഗ്ഗീയമായ ദർശനത്തിൽ വിശ്വസിച്ചുള്ള പ്രാർത്ഥനകളിൽ അവിടുത്തെ വചനത്തിൽ നമുക്ക് അവനെ കുറിച്ചുള്ള ഒരു പുതുക്കമായ വെളിപ്പാട് ആവശ്യം ആയിരിക്കുകയാണ്. യേശു ക്രിസ്തു വായ കർത്താവിനെ അവിടുത്തെ സകല സൗന്ദര്യത്താലും അതുപോലെ ശക്തിയാലും ഉയർത്തി കാട്ടേണം. അവന്റെ ജനം ആയിരിക്കേണം എന്നാണ് അവൻ ആഗ്രഹിക്കുന്നത്. മഹത്വകരമായ മനസ്സിലാക്കലാണ് ഈ വെളിപ്പാടുകൾ വരുമ്പോൾ അതിൽ അന്തർലീനമായിരിക്കുന്നത്. അങ്ങനെ ദൈവജനം നല്ല ആത്മാർത്ഥതയോടു കൂടി അവനോടു പ്രതികരിക്കുകയും ചെയ്യുമ്പോൾ അങ്ങനെ അവന് സഭയുടെ സകല വിധമായ പൊരുത്തകേടുകൾ തീർക്കുവാനും സഭ നല്ല നിലയിൽ വളർത്തുവാനും സാധിക്കും. അവനിൽ കൂടെ അല്ലാതെ നമുക്ക് യാതൊരു വിധമായ പ്രതീക്ഷകളും ഇല്ല! സഭ ഒരു പ്രാവശ്യം കൂടെ പ്രബോധിപ്പിക്കപ്പെടുന്നു. ഉപ്പും പ്രകാശവും ആണെന്നും അവിടുന്ന് ഔദാര്യത്തോട് സഭയുടെ മേൽ പകരുന്ന ആത്മാവിന്റെ അമിതമായ അളവിനാൽ. അ മേരിക്കയിൽ ഇന്ന് ആത്മ നിറവുള്ള ഒരു സഭ യുണ്ടാകേണ്ടതിന്റെ കാലഘട്ടത്തിലാണ് ഇപ്പോൾ അവർ അവന്റെ പുനരുത്ഥാനത്തിന്റെയും അതുപോലെ ശക്തിയുടേയും ഒക്കെയും മാധ്യമം ആയി തീരേണം.

**ഈ സമയത്തിൽ കർത്താവിനെ അന്വേഷിക്കേണം**

സുഹൃത്തുക്കളേ, നമ്മുടെ ഈ ദിവസങ്ങളിൽ ആരൊക്കെയോ സഭയെ കുറിച്ച് വലിയ അളവിൽ വിവാദം നടത്തുകയും അങ്ങനെ നല്ലൊരു ഭാഗത്തിന്റെ കാഴ്ചപ്പാടുകൾ നഷ്ടമാകുകയും ചെയ്യുന്നു. ഇതിന് കാരണം നമുക്ക് കാഴ്ചപ്പാടുകൾ ഇല്ലാത്തതിനാലാണ്. അല്ലെങ്കിൽ ഇപ്പോൾ ദൈവത്തിന്റെ വിശുദ്ധിയെ കുറിച്ചുള്ള ഒരു ഭയവും ഇല്ല. അതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ നാം നമ്മുടെ അശുദ്ധി കാണാത്തതും അവിടെ സംഭവിച്ചേക്കാവുന്ന ചെറിയ നിലയിലുള്ള തകർച്ചകളും അതുപോലെ സംഭവിക്കുന്ന പാപങ്ങളും. എന്തുകൊണ്ടേന്നാൽ നാം കാണുന്നില്ല. അവിടുന്നു ഉള്ള പാപക്ഷമയും അതുപോലെ കൃപയും അതിൽ സംഭവിക്കുന്ന

(ശേഷം 7-ാംപേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“ അതിന്റെ ശേഷം യോഹവ രാത്രിയിൽ ശലോമോനു പ്രത്യക്ഷനായി. അവനോടു അരുളിചെയ്തതെന്തന്നാൽ ഞാൻ നിന്റെ പ്രാർത്ഥന കേട്ടു ഈ സ്ഥലം എനിക്കു യാഗത്തിനുള്ള ആലയമായിട്ടു തിരഞ്ഞെടുത്തിരിക്കുന്നു. മഴ പെയ്യാതിരിക്കേണ്ടതിനു ഞാൻ ആകാശം അടെക്കയോ ദേശത്തെ തിന്നു മുടിക്കേണ്ടതിനു വെട്ടുക്കിളിയോടു കല്പിക്കുകയോ എന്റെ ജനത്തിന്റെ ഇടയിൽ മഹാമാരി വരുത്തുകയോ ചെയ്താൽ, എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങലെ വിട്ട് തിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ടു അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിന് സൗഖ്യം വരുത്തി കൊടുക്കും. ഈ സ്ഥലത്തു കഴിക്കുന്ന പ്രാർത്ഥനെക്കു എന്റെ കണ്ണുകളെ തുറന്നിരിക്കയും എന്റെ ചെവി ശ്രദ്ധിച്ചിരിക്കയും ചെയ്യും ” (2 ദിന. 7:12-15)

2022 സെപ്റ്റംബർ മാസം നമ്മെ വിട്ട് കടന്നുപോയി. ഒക്ടോബർ മാസത്തിലേക്കു നാം കടന്നു വന്നിരിക്കുന്നു.

ദൈവം പറയുന്ന കാര്യങ്ങളെ നാം അനുസരിക്കുക. ആത്മ മണവാളനായ കർത്താവ് വരാറായി. ജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും ദൈവഹിതം അന്വേഷിച്ച് മുന്നോട്ട് പോകുക. ദൈവം തന്റെ മക്കളോട് കുണയുള്ളവനാണ്. നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷങ്ങളും ദൈവവചനപ്രകാരം മാത്രം ആയിത്തീരുവാൻ നമുക്ക് ശ്രമിക്കാം. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും നിലനിൽക്കും. ദൈവേഷ്ടം ചെയ്തതുകൊണ്ട് ഓരോ ദിവസവും വിശുദ്ധയിലും വേർപാടിലും നമുക്ക് ജീവിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No.** 67342839891 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദ്രി,
ബിന്ദു.എം




# ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:8589901702, 8075696168

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702,8075696168
**E-mail:bindhum1971@yahoo.in**
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക


മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ഈ പ്രാവശ്യത്തെ പംക്തി ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ആവശ്യമായിരിക്കുന്നത് പ്രത്യക്ഷ ഉണർവ്വിനും ആവശ്യ കതയിലും അതുപോലെ പ്രാർത്ഥനയുടെ ശക്തിയിലുമാണ്. ഞങ്ങൾ പ്രത്യാശിക്കുകയാണ്. ഈ സന്ദേശത്താൽ താങ്കൾ അധികം ഉത്തേജിക്കപ്പെടുമെന്നും അതോടൊപ്പം തന്നെ പ്രേരിപ്പിക്കപ്പെടുമെന്നും ഇത് ഒരു വെല്ലുവിളിയായിട്ട് സ്വീകരിക്കുമെന്നും ഉള്ള കാഴ്ചപ്പാടിലാണ് ഈ പംക്തി ഞങ്ങൾ തയ്യാറാക്കപ്പെട്ടിരിക്കുന്നത്.

ഈ സന്ദേശങ്ങളിലെ വളരെ പ്രധാനപ്പെട്ട ഓർമ്മപ്പെടുത്തലാണ് കർത്താവ് ആഗ്രഹിക്കുന്നത്. നമ്മെ അവിടത്തെ ആത്മാവിനാലും അതുപോലെ ജീവനാലും നിറയ്ക്കുവാനും അങ്ങനെ നമുക്ക് ചുറ്റുമുള്ള ലോകത്തിൽ ഒരു വലിയ വ്യത്യാസം സൃഷ്ടിച്ചുകൊണ്ട് നാം അധികം സജ്ജരായി തീരണമെന്ന്. അവിടുന്ന് നമ്മെ അനുഗ്രഹിക്കുന്നു. അതുകൊണ്ട് അനുഗ്രഹങ്ങൾ നിറഞ്ഞ് കവിയുകയും അതുപോലെ മറ്റുള്ളവരുടെ ജീവിതങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്നു അവിടുന്ന് അബ്രഹാമിനോടു പറഞ്ഞതുപോലെ, "ഞാൻ നിന്നെ വലിയൊരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും". (ഉല്പ. 12:2,3). അതുപോലെ തന്നേ, ആദ്യ ശിഷ്യന്മാരോടു യേശു പറഞ്ഞതു, " എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു" (അപ്പോ.1:8).

# കവിഞ്ഞൊഴുകുന്ന ആത്മീക ജീവനും ശക്തിയും

By Rich Carmicheal

യേശു പറഞ്ഞ തന്റെ ഉദാഹരണത്തെ ഒന്നു വിവക്ഷിക്കാം. അവിടുന്നു പൂർണ്ണമായിട്ടും പരിശുദ്ധാത്മാവിലും അതുപോലെ ശക്തിയാലും നിറഞ്ഞവനായിരുന്നു (ലൂക്കോ. 3:22, 4:1, 4:14; അപ്പോ. 10:38), ആദ്യകാല ശുശ്രൂഷകളെക്കുറിച്ച് യെശയ്യാവിന്റെ പ്രവചന പുസ്തകത്തിൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. "ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെമേൽ ഉണ്ടു; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" (ലൂക്കോ. 4:18,19; യെശ. 61:1,2). യേശു അറിഞ്ഞിരുന്നു പരിശുദ്ധാത്മാവു തന്റെമേൽ ഉള്ളതായിട്ടു. ആയതിനാൽ അവിടിന്ന് പ്രസംഗിക്കുവാനും സൗഖ്യമാക്കുവാനും ജനത്തെ സ്വാതന്ത്ര്യത്തോടും പറഞ്ഞ് അയക്കുവാനും കഴിയുമെന്ന്. അവന്റെ ജീവിതത്തിലുണ്ടായിരുന്ന നിറഞ്ഞു കവിഞ്ഞ ആത്മാവിന്റെ ശക്തി മറ്റുള്ളവർക്കു വേണ്ടിയുള്ള ശുശ്രൂഷകളിലും ഉണ്ടായിരുന്നു.

### ഉപ്പും വെളിച്ചവും

യേശു പറയുന്നത് " നാം ഭൂമിയുടെ ഉപ്പും അതുപോലെ ലോകത്തിന്റെ വെളിച്ചവും ആകുന്നു" എന്ന് (മത്താ. 5:13-16). ഇവിടെ യാതൊരു സംശയവും വേണ്ടി ലോകം ഇന്ന് ഒരു വലിയ ആവശ്യത്തിലായിരിക്കുകയാണ്. ഉപ്പിന്റെതും അതുപോലെ വെളിച്ചത്തിന്റെതും. അതുപോലെ തന്നെയാണ് സഭ അവിടുത്തെ ആത്മാവിനാലും, ശക്തിയാലും ദൈവസ്നേഹത്താലും ജീവിതത്താലും നിറയപ്പെടേണ്ടതിന്റെ ആവശ്യകതയും വഴികാട്ടിയായ പത്രലേഖനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഒരു ആത്മാവിനാൽ നിറയപ്പെട്ട സഭ അമേരിക്കയിൽ വളരെ ആവശ്യമായിരിക്കുന്നു. തീർച്ചയായിട്ടും മറ്റുള്ള എല്ലാ രാജ്യങ്ങളിലും അങ്ങനെ തന്നെയാണ്. പുതിയ നിയമത്തിലെ സഭയെ കാണുവാൻ ലോകം വളരെ ആകാംഷയോടെ കാത്തിരിക്കുകയാണ്. ഉയരത്തിൽ നിന്നു ശക്തി ധരിക്കപ്പെട്ടവരായിട്ടും അതുപോലെ പുനരുത്ഥാരണ ജീവന്റെ സന്തോഷത്താലും ലോകത്തെ ഒന്നു സ്വാധീനിക്കുകയോ അല്ലെങ്കിൽ ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകതയോ ഇല്ല. യേശുക്രിസ്തു അത്ഭുതവാനായ കർത്താവും ആണെന്നു വചനം പറയുകയും ചെയ്യുന്നു. സഭയിൽ ഉണർവ്വിനെ നാം കൊണ്ടുവരേണം!

### രൂപാന്തരപ്പെടുത്തുന്ന ശക്തി

ഇത് മസ്സിലേക്ക് കൊണ്ടുവരുന്നത് അപ്പോസ്തലനായ

(ശേഷം 4-ാംപേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| അംഗീകരിക്കുക | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായി ത്തീർന്നു (റോ.3:23)* |
| പശ്ചാത്തപിക്കുക | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)* |
| ഏറ്റുപറയുക | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| ഉപേക്ഷിക്കുക | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| ശുദ്ധീകരിപ്പെടുക | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| വിശ്വസിക്കുക | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| സമർപ്പിക്കുക | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| പ്രാപിച്ചെടുക്കുക | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |
| സ്നാനം ഏൽക്കുക | *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)* |

( 3-ാംപേജിന്റെ തുടർച്ച)

**കവിഞ്ഞൊഴുകുന്ന ആത്മീക ജീവനും ശക്തിയും**

പൗലൊസിന്റെയും ശീലാസിന്റെയും തിമൊഥിയുടെതുമാണ്. തെസ്സലോനിക്യയിലെ അവർ ആദ്യം ആ സിറ്റിയിൽ എത്തിച്ചേർന്നപ്പോൾ, അവിടുത്തെ ജനങ്ങൾ വിഗ്രഹാരാധികളായിരുന്നു. എന്നിട്ടു, വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ തന്നേ, അവർ ഞങ്ങൾക്കു നിങ്ങളുടെ അടുക്കൽ എങ്ങെയുള്ള പ്രവേശനം സാധിച്ചു എന്നും ജീവനുള്ള സത്യദൈവത്തെ സേവിപ്പാനും, അവൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിച്ച തന്റെ പുത്രനും വരുവാനുള്ള കോപത്തിൽ നിന്നു നമ്മെ വിടുവിക്കുന്നവനുമായ യേശു സ്വർഗ്ഗത്തിൽ നിന്നു വരുന്നതു കാത്തിരിപ്പാനും നിങ്ങൾ വിഗ്രഹങ്ങളെ വിട്ടു ദൈവത്തിങ്കലേക്കു എങ്ങനെ തിരിഞ്ഞു വന്നു എന്നും അവർ തന്നേ പറയുന്നു ” (1തെസ്സ. 1;9,10). ആത്മീകമായി വിജയം നേടിയതിന് എന്താണ് കാരണം? പൗലൊസ് എഴുതുകയാണ്. “ഞങ്ങളുടെ സുവിശേഷം വചനമായി മാത്രമല്ല, ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും കൂടെ ആയിരുന്നു നിങ്ങളുടെ അടുക്കൽ വന്നതു. നിങ്ങളുടെ നിമിത്തം ഞങ്ങൾ നിങ്ങളുടെ ഇടയിൽ എങ്ങനെ പെരുമാറിയിരുന്നു എന്നു അറിയുന്നുവല്ലോ ” (വാക്യം 5). മറ്റൊരു തരത്തിൽ പറഞ്ഞാൽ, തെസ്സലോനിക്യർ ദൈവവചനത്തെ കണ്ടുമുട്ടിയപ്പോൾ, ദൈവീക ശക്തിയും ദൈവത്തിന്റെ ആത്മാവും അതുപോലെ തന്നേ അവർ ആത്മാവിനാൽ നിറയപ്പെട്ട ദൈവത്തിന്റെ ജനവും ആയിതീർന്നു (പൗലൊസ്, ശീലാസ്, തിമോത്തിയോസ്) ഈ കണ്ടുമുട്ടലിന്റെ സ്വാധീനം അത് വളരെ അഗാധമാണ്. അതായത് അവർ ദൈവത്തിങ്കലേയ്ക്ക് തിരിയുക മാത്രമല്ല ചെയ്തത്, പ്രത്യുത മറ്റുള്ള അനേകർക്ക് അവരുടെ ജീവിതം ഒരു സാക്ഷ്യം ആകുകയും ചെയ്തു. അങ്ങനെ നിങ്ങൾ മക്കെദോന്യയിലും അഖായയിലും വിശ്വസിക്കുന്നവർക്കു എല്ലാവർക്കും മാതൃകയായി ത്തീർന്നു. നിങ്ങളുടെ അടുക്കൽ നിന്നു കർത്താവിന്റെ വചനം മുഴങ്ങിചെന്നതു മക്കെദൊന്യയിലും അഖായയിലും മാത്രമല്ല: എല്ലാടവും നിങ്ങൾക്കു ദൈവത്തിലുള്ള വിശ്വാസം പ്രസിദ്ധമായിരിക്കുന്നു. അതുകൊണ്ട് ഞങ്ങൾ ഒന്നും പറവാൻ ആവശ്യമില്ല (വാക്യം 7,8).

ഇന്നത്തെ നമ്മുടെ ദിവസ്ത്തിൽ എന്തും സംഭവിച്ചേക്കാം സഭയ്ക്കു ഒരു അനുഭവം ആയിതീർന്ന ഉണർവ്വു അതുപോലെ “ ഉയരത്തിലെ ശക്തിയാൽ ധരിക്കപ്പെട്ടതും അതുപോലെ അതിരുകടന്ന പുനരുത്ഥാന ജീവന്റെ സന്തോഷത്താലും അതുപോലെ കർത്താവിന്റെ സാന്നിദ്ധ്യത്തിലും? എന്ത് സംഭവിച്ചേക്കാം കർത്താവിൽ നിന്നുള്ള സ്നേഹത്താൽ നാം നിറയപ്പെടുമ്പോൾ, അതായത് നാം പൗലൊസിനെപോലെയും,അവന്റെ സഹപ്രവർത്തകരെപ്പോലും, നഷ്ടപ്പെട്ടതിനെ ചൊല്ലി ആഴത്തിൽ ആത്മഭാരമുള്ളവരായി തീരുകയും അങ്ങനെ ദൈവത്തിന്റെ സുവിശേഷം പങ്കുവയ്ക്കുവാൻ വേണ്ടി മാത്രമുള്ള ആഗ്രഹമല്ല, പ്രത്യുത നമ്മുടെ എല്ലാ ജീവിതങ്ങളും നഷ്ടപ്പെട്ടവർക്കുവേണ്ടിയുള്ളതായിരിക്കുവാനും എന്തുകൊണ്ടെന്നാൽ അവർ എല്ലാം നമുക്ക് വളരെ പ്രിയപ്പെട്ടവരല്ല.

കൊള്ളാം, ചരിത്രത്തിൽ നിന്നു നാം അറിവുള്ളവരാണ്. ഉണർവ്വുകളാൽ ദൈവജനം അവന്റെ സാന്നിദ്ധ്യത്തിൽ ഉണർത്തപ്പെടുകയും, ശക്തിയും സ്നേഹവും, ഈ സമൂഹത്തിലും അതുപോലെ രാഷ്ട്രത്തിലും മറ്റുള്ളവരുടെ ജീവിതത്തിൽ ഇത് വരുത്തുന്ന സ്വാധീനം വളരെ അഗാധവും ആണ്. വെസ്ലി ഡ്യുവൽ ഉണർവിനു വേണ്ടിയുള്ള ഹൃദയ കരച്ചിലിൽ പറയുന്നത്. ഉണർവ് വരുമ്പോൾ, വിശ്വാസികൾ ഉണർത്തപ്പെടുകയും അതുപോലെ ക്രിസ്തുവിനെപ്പോലെ ആകുക മാത്രമല്ല, പ്രത്യുത രക്ഷിക്കപ്പെടാത്ത അനേകം ആൾക്കാരും അവരുടെ ഹൃദയങ്ങളിൽ തുറക്കപ്പെട്ട സുവിശേഷത്തോടു രക്ഷയ്ക്കായിട്ടുള്ള ദൈവത്തിന്റെ കൃപയോടും എതിർത്തു നില്ക്കുകയും ചെയ്യുന്നു. കർത്താവിന്റെ പ്രവൃത്തികൾ ദ്രുതഗതിയിൽ ആയിരിക്കുന്നതു അതുപോലെ അവിടുന്നു എല്ലായ്പ്പോഴും വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ ഉണർവ്വ് അയയ്ക്കുകയും വളരെ വർഷങ്ങൾ അവിടുന്ന് അതിനായിട്ടു എടുക്കുന്നില്ല. മറ്റൊരുത്തരത്തിൽ പറഞ്ഞാൽ, നാം കാണുകയാണ് അമാനുഷികമായ വിജയം ദൈവത്തിന്റെ അസാധാരണമായ ഉദ്ബോധകത്തിലൂടെ.

## പാപത്തോടുള്ള ഇടപാടും കർത്താവിനെ അന്വേഷിക്കലും

നാം അനുഗ്രഹിക്കപ്പെട്ടിരിക്കുകയാണ്. രണ്ട് മിഷനറിമാരുടെ സാക്ഷ്യങ്ങളെ ഇതിൽ കൂട്ടിച്ചേർത്തിരിക്കുന്നതിനാൽ അവരുടെ സുവിശേഷ പ്രവർത്തനത്താൽ അല്പം അല്ലെങ്കിൽ യാതൊരു ആത്മ ഫലങ്ങളെയും ഉല്പാദിപ്പിക്കപ്പെട്ടില്ലായിരിക്കാം, ഒരിക്കൽ അവരുടെ മറ്റുള്ള വിശ്വാസികളും ഉണർവ്വിനെ അനുഭവിക്കുകയും, രക്ഷിക്കപ്പെടുവാൻ വളരെ സാധ്യതയില്ലാത്തവർ രക്ഷിക്കപ്പെടുകയും ചെയ്തു. മിഷനറിമാർ ആരംഭിച്ചപ്പോൾ ഇത് ഒരു മാറ്റതുടക്കം ആയിട്ടു മാറുകയും വന്ധ്യമായ ആ നിലത്തേയ്ക്കു അവരെ തന്നെ ഉടച്ചുകളകയും ചെയ്തപ്പോൾ. “ നീതിയിൽ വിതെപ്പിൻ; ദയക്കൊത്തവണ്ണം കൊയ്യുവിൻ; നിങ്ങളുടെ തരിശുനിലം ഉഴുവിൻ; യഹോവ വന്നു നിങ്ങളുടെ മേൽ നീതി വർഷിപ്പിക്കേണ്ടതിനു അവനെ അന്വേഷിപ്പാനുള്ള കാലം ആകുന്നുവല്ലോ ” (ഹോശേയ, 10:12). മിഷനറിമാർ അവരുടെ ആ വരണ്ട നിലത്തിൽ അവരെ തന്നേ ഒന്നു തകർക്കുവാനും അവരുടെ ജീവിതത്തിലെ സകലവിധമായ പാപങ്ങളും ഒന്നു പരിശോധിക്കുവാനും തയാറായി - അതിനെ അംഗീകരിക്കുവാൻ തുടങ്ങി; പശ്ചാത്തപിക്കുവാൻ തുടങ്ങി, അതുപോലെ ഏറ്റുപറയുവാനും തുടങ്ങി. കർത്താവിനെ പ്രാർത്ഥനയിൽ കൂടി അവരുടെ ഹൃദയത്തെ പകരുവാനും തുടങ്ങി, അവന്റെ സാന്നിധ്യവും ശക്തിയും അന്വേഷിക്കുവാനും തുടങ്ങി. അപ്പോൾ കർത്താവ് വളരെ കൃപാലുവായിട്ട് അവിടുത്തെ ജീവനെ അവരുടെ മേൽ പകരുകയും അതുപോലെ അവരെ സ്നേഹിക്കുവാനും, അവരിൽ കൂടി മറ്റുള്ളവരുടെ ജീവിതങ്ങളെ സ്വാധീനിക്കുവാനും അങ്ങനെ കൃപാലുവായിട്ടും വിശ്വസ്തനുമായിട്ടു തീർന്നു.

അവരെപ്പോലെ, അതുപോലെ വേറെയും ധാരാളം പ്രിയപ്പെട്ടവർ ഉണർവ്വ് അനുഭവിക്കപ്പെട്ടു, എന്നാൽ നാം അനുഭവിക്കുവാൻ ആഗ്രഹിക്കുന്നത് വർദ്ധിതമായ അളവിലുള്ള സാന്നിധ്യവും ശക്തിയും അതുപോലെ കർത്താവിന്റെ സ്നേഹവും അതുപോലെ അവിടുത്തെ ആത്മാവും, അപ്പോഴാണ് നമുക്ക് വളരെ ഗൗരവത്തോടുകൂടി പാപത്തോട് ഉള്ള ഇടപാട് നടത്തുവാനും കർത്താവിനെ അന്വേഷിക്കുവാനും സാധിക്കുന്നത്. അങ്ങനെ നാം ചെയ്താൽ, കർത്താവ് വിശ്വസ്തനായിരിക്കും നമ്മെ ഒരു ഉണർവ്വിലേക്കു നടത്തുവാനും അതുപോലെ നമ്മിൽ കൂടി മറ്റുള്ളവരുടെ ജീവിതങ്ങളെ സ്വാധീനിക്കുവാനും സാധിക്കും. ഈ ശ്രേഷ്ഠമായ വാഗ്ദത്തങ്ങളെ ധ്യാനിക്കുക: “ എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെ ത്തന്നേ താഴ്ത്തി പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ടു അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിനു

(ശേഷം 7-ാം പേജിൽ)

# പ്രാർത്ഥനയിൽ സംജാതമാകുന്ന ശക്തിയുടെ ഉറവിടം

By Andrew Murray

“ അവ്വണ്ണം തന്നെ ആത്മാവു നമ്മുടെ ബലഹീനതെക്കു തുണ നിൽക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവും വിശുദ്ധർക്കു വേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ടു ആത്മാവിന്റെ ചിന്ത ഇന്നതെന്നു ഹൃദയങ്ങളെ പരിശോധിക്കുന്നൻ അറിയുന്നു ” (റോമ. 8:26,27).

ആത്മീക ജീവിതത്തിൽ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ് പ്രാർത്ഥന. എന്നിട്ടും നാം അറിയുന്നില്ല എങ്ങനെ പ്രാർത്ഥിക്കണമെന്നും അല്ലെങ്കിൽ നാം കടപ്പെട്ടിരിക്കുന്നതുപോലെ എന്ത് പ്രാർത്ഥിക്കണമെന്നും. ആത്മാവിൽ പൗലൊസ് നമ്മോടു പറയുകയാണ്. ആത്മാവു തന്നേ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു.

വീണ്ടും അദ്ദേഹം പറയുകയാണ് നാം നമ്മെത്തന്നെ അറിയുന്നില്ല. നമ്മിൽ ആത്മാവു എന്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്ന്. എന്നാൽ അവിടെ ഒരുവൻ ഉണ്ട്, ദൈവം ഹൃദയങ്ങളെ പരിശോധിക്കുന്നവൻ. എന്റെ ചിന്തകൾ വാക്കുകളിൽ കൂടി വെളിപ്പെടുത്തുന്നു. അതുപോലെ എന്റെ ആഗ്രഹങ്ങളും എന്നാൽ ഹൃദയത്തിന്റെ അടിത്തട്ടിൽ ഒളിഞ്ഞു കിടക്കുന്നത് പുറത്തുവരുന്നും ഇല്ല. ദൈവം വന്ന് അന്വേഷിക്കുകയാണ് എന്താണ് ആഴത്തിൽ ഒളിച്ച് വച്ചിരിക്കുന്നതെന്നു അതുപോലെ എന്റെ ഹൃദയത്തിനു കാണുവാൻ കഴിയാഞ്ഞതിനെ ദൈവം അറിയുന്നു എന്നിൽ ദൈവത്തിനു വേണ്ടി ഞരങ്ങി കൊണ്ടിരിക്കുന്ന ആഗ്രഹങ്ങളെ.

**ദൈവത്തിന്റെ ആത്മഭാരം അന്വേഷിക്കുക.**

പ്രിയപ്പെട്ടവരെ, ഞാൻ പറയട്ടെ താങ്കൾ ശരിയായ സമയം എടുത്തും അതുപോലെ രക്ഷിക്കപ്പെടാത്ത അനേകരെ കുറിച്ചുള്ള ഭാരം നിങ്ങളിൽ പകുകയും ഇല്ല. നിങ്ങളിൽ ഈ വിധത്തിലുള്ള ഒരു ചിന്താഗതി വരുവോളം ഞാൻ ഒരിക്കലും പ്രാർത്ഥിച്ചിട്ടില്ല, ഇതായിരിക്കും താങ്കളുടെ ജീവിതത്തിലെ ഏറ്റവും അനുഗ്രഹിക്കപ്പെട്ട വിഷയം.

സഭയോടുള്ള ബന്ധത്തി ലും ഇതു തന്നെയാണ്. നാം നമ്മുടെ സ്ഥാനമാനങ്ങളെ ഈ രാഷ്ട്രത്തിലെ ക്രിസ്തുവിന്റെ സഭയുടെ അംഗങ്ങളാക്കി മാറ്റിയിട്ട് സാർവ്വത്രികമായ സഭയുടെ ഭാഗം തീർന്നുകൊണ്ട് ആരാണ് പറയുവാൻ ശക്തനാകുന്നത്. ദൈവമായ കർത്താവേ, ഈ രാഷ്ട്രത്തിലെ സഭയെ അനുഗ്രഹിക്കുവാൻ യാതൊരു പ്രയത്നത്താലും സാദ്ധ്യമല്ലെന്നും അതുപോലെ അതിനെ ഉണർവ്വിലേക്കു നയിക്കുവാനും പ്രാപഞ്ചികതയിൽ നിന്നു അവളെ പുറത്തുകൊണ്ടുവരുവാനും അതുപോലെ ഇതിന്റെ സ്ഥിരതയില്ലായ്മയിൽ നന്നു?

നാം ഒരുമിച്ച് അംഗീകരിക്കുകയും അതുപോലെ അവിശ്വസ്തതയോടുകൂടി അവസാനിപ്പിക്കുകയും ചെയ്തേക്കാം. ഇല്ല, എന്താണ് പ്രവൃത്തിച്ചതെന്ന് ഞങ്ങൾക്ക് അറിയില്ല. ഞങ്ങൾക്ക് യാതൊരു സ്വാധീനമോ അതുപോലെ എല്ലാ ശുശ്രൂഷകന്മാരുടെ മേലും അതുപോലെ അവരുടെ സഭകളുടെമേലും യാതൊരു അധികാരമോ ഇല്ല.

എന്നാൽ അതിന്റെ മറുവശം ചിന്തിച്ചാൽ, എത്രയോ അനുഗ്രഹകരമാണ് ദൈവത്തിന്റെ അടുക്കലേയ്ക്കു വന്നിട്ട് പറയുന്നത്, “ കർത്താവേ, ഞങ്ങൾക്ക് അറിയില്ല എന്താണ് ആവശ്യപ്പെടേണ്ടതെന്ന്. അവിടുന്നു അറിയുന്നു എന്ത് നല്കണം എന്ന്. പരിശുദ്ധാത്മാവിന് നൂറ് മടങ്ങ് അധികം നമ്മിൽ പ്രാർത്ഥിക്കുവാൻ നമ്മുടെ അജ്ഞതയെ കുറിച്ച് നാം അറിവുള്ളവരാകുകയും അതുപോലെ തന്നേ പ്രാർത്ഥനയിൽ ഉള്ള ബലഹീനതകളും മനസ്സിലാക്കുമ്പോഴാണ്. ദൈവം നമ്മെ കൊണ്ടുവന്നിട്ട് പറയട്ടെ. കർത്താവേ, ഞങ്ങൾക്ക് പ്രാർത്ഥിക്കുവാൻ കഴിയുന്നില്ല. എന്താണ് പ്രാർത്ഥന എന്ന് ഞങ്ങൾക്ക് അറിയില്ല. തീർച്ചായായിട്ടും നമ്മിൽ ചിലർക്ക് ഒക്കെയും അറിയാം പ്രാർത്ഥനയുടെ അളവുകോൽ എന്താണെന്നും അതുപോലെ നാം അതിന് ദൈവത്തിനു മഹത്വം അർപ്പിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ പ്രാർത്ഥനയ്ക്കു ഉത്തരം ദൈവം നല്കിതരുന്നതുകൊണ്ടും. എന്നാൽ ദൈവത്തിന്റെ ആത്മാവ് പഠിപ്പിച്ച് തരുന്ന കാര്യങ്ങളുമായിട്ട് താരതമ്യപഠനം നടത്തുമ്പോൾ ഇത് ചെറിയ ഒരു ആരംഭം മാത്രമേ ആകുന്നുള്ളൂ.

നമ്മുടെ ആദ്യത്തെ ചിന്ത തന്നേ നമ്മുടെ അറിവില്ലായ്മയാണ്. “വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു ”.

**ആരാധനയും കൂട്ടായ്മ ആചരിക്കലും**

പ്രാർത്ഥനയ്ക്കു വ്യത്യസ്തങ്ങളായ ശൈലികൾ ഉണ്ട്. ആരാധനയിൽ ഒരു മനുഷ്യൻ വലിയവനായ ദൈവത്തിന്റെ തിരുമുമ്പിൽ തല കുനിച്ച് നിന്ന് ആദരവോടെ ആരാധിക്കുകയും ചെയ്യുന്നു. നാം ആരാധിക്കുവാൻ സമയം എടുക്കുന്നില്ല. രഹസ്യത്തിൽ നാം ആരാധിക്കേണ്ടിയിരിക്കുന്നു. നാം തന്നേ നിത്യനായ ദൈവത്തിന്റെ മുഖത്തോടും മുഖം നോക്കിയും അതു അവിടുന്നു നമ്മുടെ മേൽ നിഴലിടുകയും നമ്മെ പൊതിയുകയും അതുപോലെ അവിടുത്തെ സ്നേഹത്താലും അവിടുത്തെ മഹത്വത്താലും നമ്മെ നിറയ്ക്കുകയും ചെയ്യും. ഇത് പരിശുദ്ധാത്മാവാണ് നമ്മിൽ പ്രവർത്തിക്കുന്നതും അതിന്റെ സമ്പാദ്യത്താൽ നാം നമ്മുടേതായ സകല സന്തോഷങ്ങളെയും ചുരുക്കി പറഞ്ഞാൽ നമ്മുടെ ബിസിനസ്സിന്റെ ഭാഗങ്ങളെ പോലും അതുകാരണത്താൽ നമ്മുടെ ദൈവത്തോടും നിരന്തരമായിട്ട് നമുക്ക് കാണുവാൻ സാധിക്കുന്നു.

പ്രാർത്ഥനയുടെ അടുത്ത പ്രധാന ഘടകം കൂട്ടായ്മ ആചരിക്കുകയാണ്. പ്രാർത്ഥനയിൽ ഒരു രാജാവിനെ ആരാധിക്കുക മാത്രമല്ല ചെയ്യുന്നത്, പ്രത്യുത ദൈവവും ആയിട്ടുള്ള ഒരു കൂട്ടായ്മ ആചരിക്കൽ കൂടെ ആണ്. ക്രിസ്ത്യാനികൾ കൂട്ടായ്മയ്ക്കു വളരെ കുറച്ച് സമയം മാത്രമേ ഉപയോഗിക്കുന്നുള്ളൂ. അവർ ചിന്തിക്കുന്നത് പ്രാർത്ഥന എന്നാൽ അവരുടെ പരാതികൾ ദൈവത്തോടു പറയുമ്പോൾ അതിൽ എല്ലാം ആയി എന്നാണ്.

ഞാൻ എന്തായിരിക്കണം എന്നുള്ള നിലയിൽ ക്രിസ്തു എന്നെ ആക്കിയിരുന്നുവെങ്കിൽ ഞാൻ കൂടാരത്തിൽ ഇരുന്ന് ദൈവവും ആയിട്ട് കൂട്ടായ്മ കാണിക്കുമായിരുന്നു. അവിടുത്തെ സ്നേഹത്താൽ നിറച്ചും അതുപോലെ പ്രകാശിക്കുകയും അതുപോലെ എന്റെ ഹൃദയത്തിൽ കൂടി കത്തിജ്വലിക്കുവാൻ ദൈവം അനുവദിച്ചിരുന്നുവെങ്കിൽ, തീർച്ചയായിട്ടും ഞാൻ അധികം സമയം എടുത്ത് ദൈവമുമ്പിൽ ഇരിക്കുമായിരുന്നു.

കൊല്ലൻ ഇരുമ്പ് എടുത്ത് തന്റെ ആലയിലെ തീയിൽ ഇടുന്നു. അദ്ദേഹം അതിനെ വെറുതെ വെച്ചിരുന്നാൽ അല്പസമയത്തിനുള്ളിൽ തന്നേ ചുവന്നു ചൂടുള്ളതായി മാറുന്നു. എന്നാൽ അവൻ

(ശേഷം 6–ാം പേജിൽ)

(5-ാം പേജിന്റെ തുടർച്ച)

അതിനെ ആ ചൂടിൽ നിന്ന് പുറത്ത് എടുക്കുകയും അതിനെ ചിലതൊക്കെയും ചെയ്തിട്ട് വീണ്ടും അതിനെ ഭയങ്കരമായിട്ടുള്ള ചൂടിലേക്കു വയ്ക്കുന്നു. എ ന്നാൽ വീണ്ടും ആ ഇരുമ്പ് കഷണത്തെ താൻ ആ ചൂടിൽ നിന്നു പുറത്ത് എടുക്കുമ്പോൾ അതു പഴുത്ത് ചുവന്നു ചൂടുള്ളതായിട്ട് തീരുന്നില്ല. ഈ പ്രവർത്തിയിൽ ആ കൊല്ലൻ താൻ ആദ്യം ആ ഇരുമ്പ് കഷണത്തെ അധികം സമയം ചൂട് ലഭിക്കേണ്ടതിന് ആലയിലെ ചൂടിൽ വച്ചിരുന്നു. എന്നാൽ പിന്നീടുള്ള ഓരോ തവണയും താൻ ഇരുമ്പിനു കൊടുത്ത തീയുടെ താപം വളരെ കുറച്ച് കുറച്ച് കൊണ്ടു വരികയും അയാളുടെ ഹിതത്തിൽ അതുമാറുകയും ചെയ്തു. എന്നാൽ അയാൾ പഴയതുപോലെ അധികം സമയം തീയിൽ വച്ചിരുന്നുവെങ്കിൽ അതു ചുവന്ന് ചൂടുള്ളതായി തീരുകയും ആ ആലയിലെ തീയിൽ അതു ഒരു ഭാഗമായി തീരുമായിരുന്നു.

അങ്ങനെ ദൈവത്തിന്റെ തീ നമുക്ക് ലഭിച്ചിരുന്നുവെങ്കൽ വിശുദ്ധിയും സ്നേഹവും അതുപോലെ തന്നെ ശക്തിയും എല്ലാം നാം അധികം സമയം എടുക്കുമായിരുന്നു. ദൈവവും ആയിട്ടുള്ള പ്രത്യേകമായ കൂട്ടായ്മക്കായിട്ടു ശ്രദ്ധിച്ചിരുന്നു. അതുപോലെ ജീവനുള്ള ദൈവം അവരെ ബലവാൻമാരാക്കി നടത്തി. ഓ, പ്രാർത്ഥനയ്ക്കു എന്താണ് പ്രവർത്തിക്കുവാൻ കഴിയുന്നതെന്ന് നാം ഒന്നു തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ!

### മദ്ധ്യസ്ഥത വഹിക്കാൻ

അതുപോലെ തന്നേ വളരെ പ്രധാനപ്പെട്ട പ്രാർത്ഥനയുടെ ഒരു ഘടകം ആണ് മദ്ധ്യസ്ഥത വഹിക്കൽ. ദൈവം ഒരു പ്രവൃത്തി ഒരുക്കി വെച്ചിരിക്കുകയാണ്. അവിടുത്തെ തിരുമുമ്പിലെ പുരോഹിതത്തിൽ കൂടി - മദ്ധ്യസ്ഥതയിൽ കൂടി!

യെശയ്യാവു പ്രവചനത്തിലെ ഒരു അത്ഭുതകരമായ വെളിപ്പെടുത്തലുകളിലൂടെ നാം അതു കണ്ടിരിക്കുകയാണ്. ദൈവം പറയുകയാണ്, അ വൻ എന്നെ പിടിക്കട്ടെ. അതു പോലെ വീണ്ടും, ഒരുത്തനും നിന്നെ വിളിക്കുകയില്ല. അല്ലെങ്കിൽ നിങ്ങളെ പിടിക്കുവാൻ ബദ്ധപ്പെടുകയും ഇല്ല. വേറൊരു ഭാഗത്തു ദൈവം യിസ്രായേലിന്റെ മദ്ധ്യസ്ഥതയെ ഓർമ്മപ്പെടുത്തുന്നു. .

ദൈവത്തിനു നന്ദി, നമ്മിൽ ചിലർ ഉണ്ട്. എന്നാൽ ഓ, സുഹൃത്തുക്കളെ ക്രിസ്തുവിന്റെ സഭയുടെ പ്രതിനിധികളായവർ, ദൈവം നമ്മെ കാണിച്ചിരുന്നുവെങ്കിൽ എത്രത്തോളം തീവ്രതയോടുകൂടി ഒരു ഉണർ വ്വിനുവേണ്ടി സഭയിൽ കൂടി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. സഭയുടെ പാപങ്ങളെ കുറിച്ചുള്ള പശ്ചാത്താപം ആത്മാർ ത്ഥ ഹൃദയത്തിൽ എത്രമാത്രം വേണ്ടിയിരിക്കുന്നു. എത്രമാത്രം ദൈവമുമ്പാകെ അപേക്ഷിക്കേണ്ടിയിരിക്കുന്നു. അതുപോലെ യെരുശലേമിനെ അവിടുന്ന് ഭൂമിയുടെ മഹത്വം ആയിട്ട് തീർക്കുവോ ളം അവിടുത്തേക്ക് യാതൊരു വിശ്രാമവും നല്കാതെയും, ഞാൻ ചിന്തിക്കുകയാണ് നാം എല്ലാവരും ലജ്ജിതരായി തീരുമെന്ന്. പരിശുദ്ധാത്മാവിനായിട്ടു നമ്മുടെ ഹൃദയങ്ങളെ നാം ശുദ്ധീകരിക്കപ്പെടുകയും അതു അവിടുന്ന് നമുക്കായിട്ട് പ്രാർത്ഥിക്കുകയും അതുപോലെ തന്നെ നമ്മിൽ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ പക്ഷവാദം ചെയ്യുകയും ചെയ്യുന്നു.

പരിശുദ്ധാത്മാവു എന്നിൽ ഉണ്ടായിരുന്നുവെങ്കിൽ ഞാൻ എന്തു ചെയ്യേണ്ടി ഇരിക്കുന്നു? ആത്മാവ് ഹൃദയത്തിൽ സമയവും അതുപോലെ മുറിയും ആഗ്രഹിക്കുന്നു. അവൻ നമ്മുടെ പൂർണ്ണതയെയാണ് ആഗ്രഹിക്കുന്നത്, എന്റെ താല്പര്യങ്ങളും അതുപോലെ സ്വാധീനങ്ങളും എല്ലാം ദൈവത്തിന്റെ മഹത്വത്തിനും അതുപോലെ ആദരവിനുമായിട്ടു ആയിരിക്കേണം അവിടുന്ന് എന്നെക്കുറിച്ച് ആഗ്രഹിക്കുന്നത് എന്നിൽ നിന്നു ഞാൻ അത് ഉപേക്ഷിക്കപ്പെടേണമെന്ന്.

പ്രീയപ്പെട്ട സുഹൃത്തേ, താങ്കൾ അറിയുന്നില്ല നിങ്ങൾക്ക് എന്തു ചെയ്യുവാൻ കഴിയുമെന്നു. മദ്ധ്യസ്ഥതയാക്കായിട്ട് നിങ്ങളെ തന്നെ ഏൽപിച്ചിരുന്നുവെങ്കിൽ. ഇത് ഒരു പ്രവർത്തിയാണ്. മിഷനറി സൊസൈറ്റിയിലേക്കു ഒരു നാണയതുട്ട് നല്കുന്നതിനായിട്ട് കഷ്ടപ്പെടുന്ന ഒരു സാധുവായ മനുഷ്യൻ. ദിവസങ്ങളോളം ഇത് ഒരു പ്രവൃത്തിയാണ്. ഒരു ചെറുപ്പക്കാരിയായ പെൺകുട്ടി അവളുടെ പിതാവിന്റെ ഭവനത്തിൽ അതുപോലെ ഭവനം വൃത്തിയാക്കുന്ന ജോലിയിൽ ഭാഗമായി തീരുകയാണ് പരിശുദ്ധാത്മാവിനാൽ.

ജനം സാധാരണയായിട്ട് ചോദിക്കാറുണ്ട്. വ്യാപകമായ സുവിശേഷീകരണത്തിനായിട്ട് ഇന്നത്തെ നമ്മുടെ സഭ എന്താണ് പ്രവർത്തിക്കേണ്ടതെന്ന്? അവർ വിറയലോടെ ചോദിക്കുകയാണ്. എന്തുകൊണ്ടെന്നാൽ അവർ തന്നെ സമ്മതിക്കുകയാണ് നിസ്സാഹായകരാണെന്ന്. നമുക്ക് എന്താണ് പ്രവർത്തിക്കുവാൻ കഴിയുന്നത് ഇത്രയും ഭൗതികത്വവും അതുപോലെ ആത്മാർത്ഥതയും ഇല്ലാത്ത ഈ ലോകത്തിൽ നമ്മുടെയും സകല പ്രതീക്ഷകളം നഷ്ടപ്പെട്ടേക്കാം.

ആഹാ, പുരുഷന്മാരും അതുപോലെ സ്ത്രീകളും ഒത്തു ചേർന്ന് ഒരുമിച്ച് നിന്ന് ദൈവത്തെ ഒന്നു മുറുകെ പിടിച്ചിരുന്നുവെങ്കിൽ! ഞാൻ ഏതെങ്കിലും പ്രാർത്ഥന യൂണിയനെയോ അല്ലെങ്കിൽ കൃത്യയോടുകൂടി പ്രാർത്ഥനയ്ക്കായിട്ട് സമയം ക്രമീകരിക്കുന്നവരെയോ ആത്മാവ് കണ്ടെത്തുന്നുവെങ്കിൽ സ്ത്രീകളെയും പുരുഷന്മാരേയും ദൈവത്തോട് കരയുവാൻ അവരുടെ ജീവിതങ്ങളെ തന്നെ ഉപേക്ഷിക്കപ്പെട്ടവർ ആ ശക്തിയുടെ ആത്മാവ് തീർച്ചയായിട്ടും വരും. ഇത് സ്വാർത്ഥയുടെതല്ല അതുപോലെ ഇതു കേവലം സന്തോഷത്തിന്റെയും അല്ല നാം അങ്ങനെ അന്വേഷിക്കുമ്പോഴും അങ്ങനെ നാം സംസാരിക്കുമ്പോഴും സമാധാനവും അതുപോലെ വിശ്രാമവും, അനുഗ്രഹങ്ങളും ക്രിസ്തുവിനു നല്കുവാൻ കഴിയും. ദൈവം നമ്മെ ആഗ്രഹിക്കുകയാണ്, അവിടുന്ന് ഒരു പ്രവൃത്തി ചെയ്തെടുക്കുവാൻ കാൽവറിയിലെ പ്രവൃത്തിയാണ് നമ്മുടെ ഹൃദയങ്ങളിൽ ചെയ്വാനുള്ളത്, നമ്മുടെ ജീവിതങ്ങളെ യാഗമയി അർപ്പിച്ചിട്ട് ദൈവമുമ്പാകെ മനുഷ്യർക്കു വേണ്ടി യാചിക്കേണം. ദിനം തോറും നമുക്ക് സമർപ്പണത്തോടെ ആയിരിക്കാം. അതുപോലെ ദൈവത്തോടു അപേക്ഷിക്കാം. അതു അവിടുത്തേക്ക് പ്രസാദകരവും അവിടുത്തെ പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കുകയും ചെയ്യും.

ഓ, ഈ അത്ഭുതകരമായ രഹസ്യത്തെ ചിന്തിക്കാം. സിംഹാസനത്തിൽ ഇരിക്കുന്ന ദൈവമായ പിതാവ് അവിടുത്തെ അനുഗ്രഹങ്ങൾ മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം നല്കുവാൻ തയാറാണ്. സർവ്വശക്തനായ ക്രിസ്തു മഹാപുരോഹതിൻ ദിനരാത്രികൾ യാചിക്കുന്നു. അവിടുത്തെ മുഴുവ്യക്തിത്വവും ഒരു മദ്ധ്യസ്തതയ്ക്കാണ്. അതുപോലെ നിർത്താതെ എന്നും പിതാവിനോട് യാചിച്ചുകൊണ്ട് ഇരിക്കുകയാണ്. അവിടുത്തെ സഭയെ അനുഗ്രഹിക്കുക.

പിതാവിൽ നിന്നു ഉത്തരം പുത്രനിലേക്കു വരികയും

(ശേഷം 8-ാം പേജിൽ)

(2-ാം പേജിന്റെ തുടർച്ച)

## സ്വർഗ്ഗം അയച്ചിരിക്കുന്ന ഉണർവ്വ് ഒരു ജനതയെ രക്ഷിക്കും

ഒരു ചെറിയ സന്തോഷവും. എന്തുകൊണ്ടെന്നാൽ നാം കാണുന്നില്ല. അവിടുത്തെ പദ്ധതികളും അതുപോലെ നിത്യതയുടെ ലക്ഷ്യങ്ങളെയും നമുക്ക് ഗ്രഹിച്ചെടുക്കുവാൻ താല്പര്യമില്ലാത്തവരായിട്ട് തീർന്നിരിക്കുകയാണ്. അങ്ങനെ അതിന്റെ ഉദ്ദേശശുദ്ധിയും അതുപോലെ അർത്ഥവും നമ്മിൽ തീരെ ഇല്ലാതായിതീരുന്നു. അങ്ങനെ നാം പര്യവസാനിപ്പിക്കുകയാണ് അനന്തമായ ആഹ്ലാദ വസ്തുക്കളിൽ.

ഇന്ന് നാം ഓരോരുത്തരും തിരിച്ചറിയേണ്ടിയിരിക്കുന്നു അമേരിക്ക ഒരു കല്ലറയുടെ അത്യാപത്തിലേക്കു എത്തിച്ചേർന്നിരിക്കുകയാണ്. അതുപോലെ തന്നേ ദേശം അവസാനിച്ച് കൊണ്ടിരിക്കുകയാണ് തെറ്റുകളും അങ്ങനെ അധികം ദൂരം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയുമാണ്. വാസ്തവത്തിൽ നാം അതിനെയെല്ലാം അവരിൽ കവിഞ്ഞു നില്ക്കുന്നതായിട്ട് അറിയുന്നു. വാസ്തവത്തിൽ നാം അനവധി അനുഗ്രഹങ്ങൾ അനുഭവിച്ചവരും അതുപോലെ ദൈവത്തിൽ നിന്നുള്ള സത്യം മാത്രമാണ് നമ്മെ അവനോട് കൂടുതൽ കണക്ക് ബോധിപ്പിക്കുവാൻ ശക്തരാക്കുന്നതും. തീർച്ചയായിട്ടും നാം ജീവിക്കുന്നത് ദൈവത്തിന്റെ കരുണയും അതുപോലെ ഇന്നലകളിൽ സംഭവിച്ച അനുഗ്രഹങ്ങളുടെ സ്മരണയാലുമാണ്. താങ്കൾ സമ്മതിക്കുന്നില്ലേ. നാം അവിടുന്നു ദാനം ചെയ്ത അവന്റെ അനുഗ്രഹങ്ങൾ സ്വീകരിച്ചില്ലെന്നു? കലർപ്പില്ലാത്ത പശ്ചാത്താപത്തോടും അതുപോലെ വിശ്വാസത്താലും അതുപോലെ ഒരു പരിപൂർണ്ണമായ സമർപ്പണത്തിനായിട്ട് നാം അവന്റെ മുമ്പാകെ വീഴുവാൻ ഇതാകുന്നു സമയം ഇതല്ലേ അവളുടെ മുഖത്ത് ക്രിസ്തുവിന്റെ ശരീരം ഉണ്ടാകുവാനും അവിടുത്തെ മുഖത്തെ അന്വേഷിക്കുവാനും ഇത് വളരെ ആവശ്യമായിരിക്കുകയാണ്. നമ്മുടെ എല്ലാ സഭകളിലും.

ഉണർവ്വ് സംഭവിക്കുമ്പോൾ അത് സഭയെ ലോകത്തിന്റെ ഒരു കാളയുടെ കണ്ണുപോലെ ആക്കിതീർക്കുന്നു. (സ്റ്റോക്ക് എക്സേഞ്ചിൽ കുറേക്കൂടി വില കൂടുമ്പോൾ വില്ക്കാമെന്നു കണക്കുട്ടലോടെ ഓഹരികൾ വാങ്ങിക്കുന്നയാൾ) കേവലം ഒരു അനുഗ്രഹത്തിനു വേണ്ടിയല്ല. ലോകത്തോടുള്ള ശത്രുത സഭയിൽ പ്രകടമാക്കുന്നു എന്തുകൊണ്ടെന്നാൽ സാത്താൻ ചോദിക്കുകയാണ് ഒരു മഹത്വീകരിക്കപ്പെട്ട സഭയെ ദൈവത്തിന്റെ ഉണർവ്വുകൾ ഉള്ള ജനത്തെ ലോകത്തിന്റെ ആക്രമണങ്ങൾക്കും അതുപോലെ പ്രതീക്ഷകൾക്കും പാത്രീഭൂതരാകുകയും അതുപോലെ തന്നേ ലോകത്തിന്റെ ഇങ്ങനെയുള്ള സംഭവങ്ങൾ സഭയ്ക്ക് അകത്തു രംഗപ്രവേശനം ചെയ്തും ഇരിക്കുകയാണ്. എന്നാൽ ദൈവത്തിന്റെ സഭയിൽ കൂടി പ്രകടമാക്കുകയാണ്. അവൾ അവിടുത്തെ പ്രകടമാക്കപ്പെട്ട ശക്തിയെന്ന്. അവിടുത്തെ ശരീരത്തിൽ നവീനമായ തെളിവുകൊണ്ടു ബോധ്യപ്പെടുത്തുകയാണ് ഉയിർപ്പിന്റെ ജീവൻ. സഭ അവിടുത്തെ ശരീരത്തിൽ നവീനമായ തെളിവുകൊണ്ടു ബോധ്യപ്പെടുത്തുകയാണ് ഉയിർപ്പിന്റെ ജീവൻ. സഭ അവിടുത്തെ നാമത്തിൽ ആരാധിക്കുക അവിടുത്തെ വിശുദ്ധിയുടെ സൗന്ദര്യത്തിൽ (സങ്കീ. 96:9). അതുപോലെ സുവിശേഷം അതിന്റെ രാജകീയമായ ശക്തിയോട് ബഹുദൂരം മുന്നോട്ടു പോകും! നാം വെറുതെ ഒന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. കർത്താവ് അവിടുത്തെ വഴികളിൽ പ്രവൃത്തിക്കുകയാണെങ്കിൽ എന്തായിരിക്കും സഭയ്ക്കു സംഭവിക്കുവാൻ പോകുന്നത്. ഓ, ഒരു ദൈവമഹത്വം പകരപ്പെടുന്നു! കർത്താവായ യേശുവിന്റെ പാവനമായ തിരുവചനങ്ങൾ കേൾക്കേണ്ടതിന്റെ സമയം ആണ് സഭയ്ക്കു ഇപ്പോൾ! ഹൃദയത്തിന്റെ യഥാർത്ഥമായ സംഭവവികാസങ്ങളോട് പ്രവൃത്തിക്കേണ്ടിയിരിക്കുന്നു. സ്വർഗ്ഗീയമായ ദൃഢമൈത്രി ദൈവത്തോടും അതുപോലെ അവന്റെ മഹത്വത്തിനായിട്ടുള്ള ഒരു തീവ്ര ആഗ്രഹത്തെയും ഉണ്ടായിരിക്കുന്നു.

### ബലത്തെ ധരിച്ചിരിക്കുന്നു

ലോകം പുതിയ നിയമ സഭയെ കാണുവാൻ വേണ്ടി കാത്തിരിക്കുകയാണ്. ഉയരത്തിൽ നിന്നുള്ള ബലത്തെ ധരിച്ചുകൊണ്ടും അതുപോലെ കർത്താവിന്റെ സാന്നിദ്ധ്യത്താലും അതിരുകടന്ന പുനരുത്ഥാന ജീവന്റെ സന്തോഷത്താലും ലോകത്തെ വേറെയാതൊന്നും സ്വാധീനിക്കുകയോ അല്ലെങ്കിൽ ബോധ്യപ്പെടുത്തേണ്ടതിന്റെ ആവശ്യം ഇല്ല. യേശുക്രിസ്തുവാണ് അത്ഭുതവാനായ കർത്താവ് എന്നു വചനം സംസാരിക്കുന്നു. അവൻ തന്നെ ആകുന്നു എന്നും. സഭയിൽ ഉണർവ്വിനെ നാം കൊണ്ടുവരേണ്ടിയിരിക്കുന്നു! ഇതുമാത്രമാണ് ഒരു പ്രതീക്ഷ. നമ്മുടെ ദേശത്തിനും അതുപോലെ ലോകത്തിനും. അതുകൊണ്ട് നമ്മൾ ഓരോരുത്തരോടുമുള്ള ചോദ്യം,ഈ മണിക്കൂറിലെ അവന്റെ സഭയോടു ദൈവത്തിന്റെ ആത്മാവു പറയുന്നതിനോട് അർഹതയോട് കൂടെ നാം എന്തു പ്രതികരിക്കുമായിരിക്കും? ഐക്യതയോടും, വിനയത്തോടും, ആവശ്യബോധത്തോടും, തീവ്രമായ ആഗ്രഹത്തോടും കൂടിയും, തിരുവചനം അടിസ്ഥാനത്തിലും ആത്മാവ് നല്കിയിരിക്കുന്ന പ്രാർത്ഥനയോടു കൂടിയും ദൈവത്തിന്റെ മുഖത്തെ ശുഷ്കാന്തിയോടുകൂടെ നാം അന്വേഷിക്കേണ്ടിയിരിക്കുന്നില്ലേ?

ലോകത്തിന്റെ ഹൃദയത്തോട് ഒരു സന്ദേശം അറിയിക്കുവാൻ സഭയ്ക്കു കഴിയാതിരിക്കുന്നതു സഭയുടെ ഹൃദയത്തിൽ കർത്താവ് വരുന്നതുവരെയും സാധ്യമല്ലാ എന്നുളളത് ഒരു വലിയ സത്യം അല്ലേ? സഭ തീർച്ചയായിട്ടും കർത്താവിനാൽ ജ്വലിപ്പിക്കേണ്ടിയിരിക്കുന്നു, അല്ലെങ്കിൽ ലോകം നമ്മെ അവഗണിക്കും. കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു സഭയെ കർത്താവ് സ്നേഹിക്കുന്നു. അവിടുന്ന് ചൂടില്ലാത്തവനായിട്ട് ഇരിക്കുവാൻ സാധ്യമല്ല. കർത്താവിനെ അന്വേഷിക്കുവാനുള്ള സമയം ആണിത്. ദൈവത്തിന്റെ വാഗ്ദത്തങ്ങളെ പരിശുദ്ധാത്മാവ് നമ്മിൽ ഒന്നു കത്തിക്കട്ടെ.

സ്വർഗ്ഗം അയച്ച ഉണർവ്വ് ഒരു രാഷ്ടത്തെ രക്ഷിക്കുവാൻ സാധിക്കുന്നു. പ്രാർത്ഥനയാൽ അവന്റെ അടുക്കലേക്കു മുക്ക് തിരിയാം. അതു അവനു യോഗ്യമായതും, അതുപോലെ അതാണ് ശരിയായതും അതുപോലെ യുക്തമായതും നാം ജീവിക്കുന്ന ഈ മണിക്കുറുകൾ വളരെ ആവശ്യമായിരിക്കുന്നതും. അവനിൽ നമുക്ക് മഹത്വപൂർണ്ണമായ ഒരു പ്രത്യാശ ഉണ്ട്. "കർത്താവേ ഉണർവ്വിനെ അയച്ചാലും അതുപോലെ അത് എന്നിൽ തന്നേ ആരംഭിക്കട്ടെ ". ❖

(4-ാം പേജിന്റെ തുടർച്ച)

### കവിഞ്ഞൊഴുകുന്ന ആത്മീക ജീവനും ശക്തിയും

സൗഖ്യം വരുത്തികൊടുക്കും" (2ദിന. 7:14).

" നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെ കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മെക്കല്ല നന്മക്കെത്രയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാടു. നിങ്ങൾ എന്നോടു അപേക്ഷിച്ചു എന്റെ സന്നിധിയിൽ വന്നു പ്രാർത്ഥിക്കുകയും ഞാൻ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയും ചെയ്യും. നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണ ഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും"

(ശേഷം 8-ാം പേജിൽ)

( 6-ാം പേജിന്റെ തുടർച്ച)

**പ്രാർത്ഥനയിൽ സംജാതമാക്കുന്ന പ്രാർത്ഥനയുടെ ഉറവിടം**

പുത്രനിൽ നിന്നു സഭയിലേക്കും വരുന്നു. അത് നമ്മിലേക്കു വരുന്നില്ലെങ്കിൽ നമ്മുടെ ഹൃദയങ്ങൾ അടയ്ക്കപ്പെട്ടതുകൊണ്ടാണ്.

നമ്മുടെ ഹൃദയങ്ങളെ തുറന്നിട്ട് അതിനെ വിശാലപ്പെടുത്തിയിട്ട് ദൈവത്തോടു പറയാം, " ഓ അതു ഞാൻ ഒരു പുരോഹിതനായിട്ട് ദൈവസാന്നിധ്യത്തിൽ പ്രവേശിച്ചെന്നു തുടർമാനമായിട്ട് ദൈവത്തെ മുറുകെ പിടിച്ചുകൊണ്ടും അതുപോലെ എന്റെ നശിച്ചുകൊണ്ടിരിക്കുന്ന മനുഷ്യരുടെമേൽ ഒരു അനുഗ്രഹത്തെ അയക്കേണമേ.

യേശുവിന്റെ മദ്ധ്യസ്ഥത അണച്ചുള്ള പ്രാർത്ഥന അന്ന് അവന്റെ മക്കളിലും പ്രതിഫലിക്കുന്നത് കാണുവാൻ ദൈവം ആഗ്രഹിക്കുകയാണ്. എവിടെയാണോ അവിടുന്ന് ഇത് കണ്ടെത്തുന്നത്, അവിടെ അവിടുത്തേക്ക് സന്തോഷം ആകുന്നു. ഹൃദയങ്ങളെ ആരയുന്ന ദൈവത്തിന് അറിയുവാൻ സാധിക്കുന്നു. ആത്മാവിന്റെ മാനസിക അവസ്ഥയെ കുറിച്ച് എന്തുകൊണ്ടെന്നാൽ അവിടുന്ന് അവിടുത്തെ വിശുദ്ധന്മാർക്കായിട്ട് പ്രാർത്ഥിക്കുന്നത് അത് ദൈവ ഹിതത്തിനു അനുസരിച്ചാണ്.

**പാപഭാരം വഹിക്കുക**

നാം പറയുവാൻ പോലും ആഗ്രഹിക്കുന്നില്ല. എന്നാൽ കഴിയുന്നതുപോലെ വിശുദ്ധൻ ആകുവാൻ ഞാൻ ശ്രമിക്കുന്നുണ്ട്. ഈ ലോക മനുഷ്യർ എന്നെകുറിച്ച് പറഞ്ഞു നടക്കുമ്പോൾ എന്താണ് എനി ക്ക് പ്രവർത്തിക്കുവാൻ സാധിക്കുന്നത്? എന്റെ കരത്തിൽ എന്തെങ്കിലും ഭയങ്കരമായ രോഗം ഉണ്ടായിരുന്നു വെങ്കിൽ എന്റെ ശരീരം പറയുകയില്ല, " ഇതിൽ എനിക്ക് ഒന്നും തന്നെ ചെയ്യുവാനില്ല ".

ജനങ്ങൾ പാപം പ്രവർത്തിച്ചപ്പോൾ, എസ്രാ വസ്ത്രം മാറ്റി പൊടിയിൽ ഇരുന്നുകൊണ്ട് തന്റെ തലയെ കുനിച്ച് പശ്ചാത്തപിക്കുവാൻ തുടങ്ങി. ജനങ്ങളുടെ ഭാഗത്തു നിന്നുകൊണ്ട് അവൻ പശ്ചാത്തപിക്കുവാൻ തുടങ്ങി. ദേശം പാപത്തിൽ വീണുപോയപ്പോൾ നെഹെമ്യാവ്, പശ്ചാത്തപിച്ചുകൊണ്ട് ദൈവസന്നിധിയിൽ കരയുവാൻ തുടങ്ങി, ദാനിയേലും ഇതു തന്നെ ചെയ്തിരിക്കുന്നു.

താങ്കൾ ചിന്തിക്കുന്നുണ്ടോ ദൈവത്തിൽ വിശ്വസിക്കുന്ന നമുക്ക് വലിയ പ്രവൃത്തികൾ ഒന്നും ചെയ്വാനില്ലായെന്ന്? മനസ്സിലാക്കേണ്ടിയിരിക്കുന്നു. നാം ഓരോരുത്തരും ഒരു പാപവും ചെയ്യാത്തവരല്ലായിരുന്നുവെന്ന്. അങ്ങനെ ആ യിരുന്നുവെങ്കിൽ പശ്ചാത്തപിക്കുവാൻ നാം തയാറാകുമോ? ക്രിസ്തുവിനെ ഒന്നു നോക്കുക, ഒരു പാപവും അവിടുന്നു ചെയ്തിട്ടില്ല! പാപികളോടുകൂടെ സ്നാനം ഏൽക്കുവാൻ അവിടുന്ന് ദൈവത്തിങ്കലേയ്ക്കു ഇറങ്ങി. അവിടുന്ന് അവരിൽ ഒരുവനായിട്ട് അങ്ങ് മാറിയ ദൈവം നമ്മോടു സംസാരിച്ചു ഇരിക്കുകയാണ്. നാം എന്താണ് എന്ന് മനസ്സിലാക്കുവാൻ. ഈ രാജ്യത്തിലെ സഭയോടു ബന്ധപ്പെട്ടവരായിട്ടാകേണം നാം ഇന്ന് നില്ക്കുന്നത് എന്ന്, നമുക്കു ചുറ്റുപാടുമുള്ള ജനത്തിന്റെ പാപത്തെക്കുറിച്ചു ആത്മഭാരം ഉള്ളവരായിട്ടാണോ നാം ജനിച്ചിരിക്കുന്നത്.

ദൈവത്തിന്റെ അടുക്കലേയ്ക്ക് നമുക്ക് പോകാം. അതിനുശേഷം പരിശുദ്ധാത്മാവിനാൽ അവിടുന്ന് നമ്മുടെ ഹൃദയങ്ങളെ നിറച്ചും പറയുവാൻ സാധിക്കാത്ത ദു:ഖത്താൽ സഭയുടെ അവസഥകളെ കണ്ടപ്പോൾ സഭയുടെ പാപത്തെകുറിച്ച് പശ്ചാത്തപിക്കുവാൻ നാം തുടങ്ങിയപ്പോൾ നമ്മുടെ മുമ്പുണ്ടായിരുന്ന പാപത്തെകുറിച്ചു നമുക്ക് ചിന്താ ശക്തിഇല്ലാത്തവരായി തീർന്നു. ആസ്യയിലെ ഏഴു സഭകൾക്കുള്ള അഞ്ചും ലേഖനങ്ങളിൽ പറഞ്ഞിരിക്കുന്ന പ്രധാന താക്കോൽ വാചകം മാനസാന്തരം എന്നുള്ളതാണ്. മാനസാന്തരപ്പെടാതെ അനുഗ്രഹീതരാകുവാൻ വേറെ യാതൊരു മാർ ഗ്ഗവും കാണുന്നില്ല. സഭയ്ക്കു വേണ്ടി ക്രിസ്തുവിന്റെ മുമ്പാകെ നമുക്ക് മാനസാന്തരത്തോടെ ആയിരിക്കാൻ ദൈവം നമ്മെ ശക്തീകരിക്കട്ടെ. ❖

( 7-ാം പേജിന്റെ തുടർച്ച)

**കവിഞ്ഞൊഴുകുന്ന ആത്മീക ജീവനും ശക്തിയും**

(യിരെ. 29:11-13 ; ആവ. 4:29:31).

നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിനു നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കുകയില്ലയോ? യഹോവേ, നിന്റെ ദയ ഞങ്ങളെ കാണിക്കേണമേ; നിന്റെ രക്ഷ ഞങ്ങൾക്കു നല്കേണം യഹോവയായ ദൈവം അരുളിച്ചെയ്യുന്നതു ഞാൻ കേൾക്കും; അവർ ഭോഷത്വത്തിലേയ്ക്കു വീണ്ടും തിരിയാതിരിക്കേണ്ടതിനു അവൻ തന്റെ ജനത്തോടും തന്റെ ഭക്തന്മാരോ ടും സമാധാനം അരുളും. തിരുമഹത്വം നമ്മുടെ ദേശത്തിൽ വസിക്കേണ്ടതിനു അവന്റെ രക്ഷ അവന്റെ ഭക്തന്മരോടു അടുത്തിരിക്കുന്നു നിശ്ചയം. (സങ്കീ. 85:6-9). ❖

## ഉണർവ്വിനായുള്ള ഹൃദയ കരച്ചിൽ

By Wesley L Duewel

യേശു വരുന്നതിനു മുമ്പെ ഒരു വലിയ ഉണർവ്വ് കുറഞ്ഞ പക്ഷം സംഭവിക്കുമോ? ഞാൻ വലുതായിട്ട് സംശയിക്കുന്നു. ഒരു പ്രധാന കാരണം എന്തുകൊണ്ടെന്നാൽ: ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ ദൈവം എനിക്ക് ചില അവസരങ്ങൾ നല്കി ചില രാഷ്ട്രങ്ങളിൽ ശുശ്രൂഷിക്കുവാൻ, എവിടെയെല്ലാം ഞാൻ പോയി അവിടെയെല്ലാം ദൈവജനത്തിനു ഒരു ഉണർവ്വിനായിട്ടുള്ള് അമിത വിശപ്പ് ഞാൻ കണ്ടു. ഞാൻ വിശ്വസിക്കുന്നത് ഇത് പരിശുദ്ധാത്മാവ് തന്നേയാണ് ഈ വിശുദ്ധ വിശപ്പ് എന്നും അത് നമ്മിൽ കർത്താവിന്റെ മുമ്പാകെ കണ്ണുനീരോടെ ആയിരിപ്പാനും സാധിക്കും. അവന്റെ സഭ ഉണരുന്നതിനായിട്ടു നാം കാത്തിരിക്കുമ്പോൾ അതുപോലെ എല്ലാം സംഭവിക്കുമ്പോൾ അങ്ങനെ ഉണർവ്വ് വരും.

സാധാരണയായിട്ട് ഉണർവ്വിനായിട്ടുള്ള എല്ലാ സാഹചര്യങ്ങളും ഒരുക്കപ്പെടുമ്പോൾ, ആരൊക്കെയാണോ കുടുംബത്തിനും സുഹൃത്തുക്കൾക്കു സഭയ്ക്കുമായിട്ട് പ്രാർത്ഥിക്കുന്നത്, അവരൊക്കെയും ദൈവത്തിന്റെ കൃപ പകരുന്നതിനായിട്ട് സമർപ്പിക്കപ്പെട്ടിരിക്കും. അതുപോലെ ഞാൻ അറിയുന്നു. യേസു അവിടുത്തെ സുന്ദരിയായ മണവാട്ടിയെ ആഗ്രഹിക്കുന്നു എന്ന് അവൾ തീർച്ചയായിട്ടു വിശുദ്ധവും കറ ഇല്ലാത്തതു ചുളു ക്കം വരാത്തവളും ആയിരിക്കണം എന്നും ഉണർവ്വ് ക്രിസ് തുവിന്റെ മണവാട്ടിയാകുന്ന സഭയിൽ വളരെ അത്ഭുത പ്രവർ ത്തികൾ ചെയ്യുന്നു. അങ്ങനെയാണ് നാം യേശുവിനെപോൽ അധികം ആയിതീരുന്നതും.

ഞാൻ വിശ്വസിക്കുന്നതു ഏറ്റവും മഹത്തകരമായ ഉണർവ്വിനു വേണ്ടിയുള്ള സഭയുടെ ആഗ്രഹം അതു പിതാവായ ദൈവത്തിന്റെ ഹൃദയത്തിലേയും ദൈവപുത്രന്റേതും അതുപോലെ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെയും ആണ്. ഞാൻ വിശ്വസിക്കുന്നത് നമ്മുടെ ഹൃദയത്തിലുള്ള വിശപ്പ് അത് ആഴത്തിലുള്ള ഒരു ചെറിയ പ്ര തിഫലനം മാത്രമാണ്. വളരെ ആഴത്തിലുള്ള ദൈവം ഹൃദയത്തിന്റെ വിശപ്പിന്റെ താ ണെന്ന്.

നമ്മുടെ ഹൃദയങ്ങളിൽ ഉണർവ്വിനുവേണ്ടിയുള്ള ആഗ്രഹം മാത്രമല്ല ദൈവം സൃഷ്ടിച്ചിരിക്കുന്നത്, എന്നാൽ ചരിത്രം സാക്ഷ്യപ്പെടുത്തുകയാണ്. ദൈവം ഉണർവ്വിനെ അയക്കുന്നതായിച്ച്. യെശയ്യാവ് പ്രവചനം 64:1,2 -ൽ പ്രവാചകന്റെ ഉണർവ്വിനായിട്ടുള്ള ഹൃദയ കരച്ചിൽ രേഖപ്പെടുത്തുന്നു.

(ശേഷം 10-ാം പേജിൽ)

# മിഷനറിമാരുടെ പ്രവർത്തനങ്ങൾ മഹത്വകരം

By Andrew Murray

" പിന്നെ അവൻ അവരോടു നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. അവൻ പുറപ്പെട്ടു എല്ലാടത്തും പ്രസംഗിച്ചു. കർത്താവു അവരോടു കൂടെ പ്രവർത്തിച്ചും. അവരാൽ നടന്ന അടയാളങ്ങ ളാൽ വചനത്തെ ഉറപ്പിച്ചും പോന്നു". (മർക്കോ. 16:15,20

യേശുവിന്റെ എല്ലാം സ്നേഹിതരും മിഷൻസ്സിന്റെയും സ്നേഹിതനാണ്. എവിടെയാണോ ഒരു ആരോഗ്യകരമായ ആത്മീക ജീവിതം ഉണ്ടാകുന്നത് അവിടെ തീർച്ചയായിട്ടു ഒരു മിഷനറി പ്രവർത്തനത്തോടും സ്നേഹം ഉണ്ടാക്കും. ഇതിന്റെ കാരണത്തെകുറിച്ച് നിങ്ങൾ ചിന്തിക്കുമ്പോൾ, മിഷൻസിന്റെ മഹത്വത്തിന്റെ ഒരു ഉൾക്കാഴ്ച നിങ്ങളിലേക്കു വരുകയും അതു നിങ്ങളുടെ വിളിയുടേതും നിങ്ങളുടെ ആത്മാവിന്റെ ജീവിതത്തിൽ ഒരു ഭാഗമായിട്ട് മാറുകയും ചെയ്യുന്നുവെന്ന് കാണുക, മിഷനറി പ്രവർത്തനങ്ങൾ എത്രമാത്രം മഹത്വകരവും അതുപോലെ തന്നേ വിലപ്പെട്ടതുമാണ്.

1. യേശു സ്വർഗ്ഗീയ സിംഹാസനം ഉപേക്ഷിക്കുവാൻ ഇതു കാരണമായി. രാഷ്ട്രങ്ങൾ അവിടുത്തേതാണ്, അവിടുത്തെ പിതാവ് നല്കിയതാണ് ഇതെല്ലാം (സങ്കീ. 2:8). ലോകത്തിൽ സാത്താന്റെ ശക്തിയെ സ്ഥാപിച്ചു, യേശു തന്നെ ജോതാവാണന്ന് വെളിപ്പെടുത്തിയിരിക്കുകയാണ്. അവിടുത്തെ മഹത്വം, വരുന്നതും വെളിപ്പെടുന്നതുമായ അവിടുത്ത രാജത്വം, എല്ലാം തന്നെ മിഷനറി മനസ്സിന്റെതാണ് (മത്താ. 24:14; 28:18–20).

2. മിഷനറി പ്രവർത്തനമാണ് ഭൂമിയിലെ സഭയുടെ അടിസ്ഥാനപരമായ ലക്ഷ്യം. യേശുവിന്റെ അവസാന വാക്കുകളിൽ ഇതെല്ലാം അവിടുന്ന് നമ്മോടു പഠിപ്പിച്ചിരിക്കുകയാണ്. (മർ. 15:16: അപ്പോ. 1:8). കർത്താവാണ് തല, അവിടുത്തെ ശരീരത്തോടും ആശ്രയത്വം ഉള്ളവനായിട്ടിരിക്കുന്നു. അവിടുത്തെ അംഗങ്ങൾ അവനിൽ കൂടിയാണ്. അവടുത്തെ പ്രവൃത്തികൾ അവിടുന്നു ചെയ്യുവാൻ കഴിയുന്നത്. ക്രിസ്തുവിന്റെ അംഗങ്ങളാകുക, സഭയുടെ അംഗ ആകുക, ഞാൻ ഈ ജോലിയുടെ ഉത്തരവാദിത്വങ്ങൾ ചെയ്യേണ്ടതില്ലയോ, അങ്ങനെ ഈ ദൗത്യം പൂർത്തീകരിക്കപ്പടേണ്ടേ?

3. ഈ ഒരു പ്രവർത്തിക്കായിട്ടാണ് പരിശുദ്ധാത്മാവിനെ നല്കപ്പെട്ടിരിക്കുന്നത്. ഇത് ആത്മാവിന്റെ വാഗ്ദത്തം ആണ്. ആത്മാവിന്റെ നടത്തിപ്പ് ശൗലിനും, ബർന്നബാസിനും, പത്രോസിനും നല്കപ്പെട്ടിരുന്നു (അപ്പോ. 11:12; 13:2). സഭയുടെ ചരിത്രത്തിൽ, ഉണർവ്വിന്റെ കാലഘട്ടത്തിൽ ഒരു പുതിയ ഉത്സാഹം കൈമാറുകയും മിഷനറി പ്രവർത്തിയെ അതു ഉദ്ദീപിപ്പിക്കുകയും ചെയ്തു. പരിശുദ്ധാത്മാവ് എന്നുള്ളത് അതു വിശുദ്ധമായ ഒരു ഉത്സാഹമാണ് ദൈവത്തിന്റെ രാജ്യത്തിന്റെ വിശാലതയ്ക്കായിട്ടുള്ളത്.

4. മഷനറി പ്രവർത്തനങ്ങൾ സഭയിൽ അനുഗ്രഹം കൊണ്ടുവരും. ഇത് വിശ്വാസത്തിന്റെയും അതുപോലെ സ്വയം ത്യജിക്കലിന്റെയും ചിരത്രപരമായ ഒരു ഉത്സാഹത്തിലേയ്ക്കാണ് നയിക്കപ്പെടുന്നത്. മഹത്വകരമായ അനേകം സംഭവങ്ങളും ദൈവത്തിന്റെ വളരെ അത്ഭുതകരമായ കർത്താവിന്റെ ശക്തിയെ വളർത്തുകയാണ് ചെയ്യുന്നത്. സ്വർഗ്ഗീയമായ സന്തോഷത്തെയാണ് മാനനാസാന്തരപ്പെട്ടു ദൈവസന്നിധിയിലേക്ക് വന്നവരിൽ നല്കുന്നതും അവരുടെമേൽ സ്നേഹത്താലും അതുപോലെ പ്രാർത്ഥനയാലും നിറയ്ക്കുന്നത്. ദൈവത്തിന് മഹത്തായ പദ്ധതികളെ മനസ്സിലാക്കുവാൻ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും അതുപോലെ അവരുടെ അപേക്ഷകളിൽ പൂർത്തീകരണം ഉണ്ടാകുകയും ചെയ്തു. മിഷനറി പ്രവൃത്തികൾ സഭയുടെ തന്നെ ചരിത്രത്തിലെ നല്ല ജീവനുള്ള മാതൃകകൾ ആയി തീരുകയും, അതുപോലെ അധികം ജീവനെ നല്കുകയും ചെയ്യുന്നു.

5. ലോകത്തിന് ഇത് ഏതൊരു അനുഗ്രഹമാണിത്. മി,നറിമാർ വന്നിട്ടില്ലാത്ത കാലഘട്ടങ്ങളിലെ രക്ഷിക്കാപ്പടാത്ത ഇംഗ്ലണ്ടിലെ പൂർവ്വപിതാക്കന്മാർക്കായിട്ട് എന്തു ചെയ്യും? ചില രാജ്യങ്ങളിൽ ഇപ്പോൾ തന്നെ മിഷനറി പ്രവർത്തനങ്ങൾ വിജയിച്ചിട്ടുണ്ടെന്നുള്ളത് എത്രയോ മഹത്വകരമായ അനുഗ്രഹമാണ്. ദശലക്ഷകണക്കിനുള്ള രക്ഷിക്കപ്പെടാത്തവർക്കായിട്ട് എന്ത് സഹാ യമാണ് നല്കുവാൻ കഴിയുന്നത്, മിഷൻസ്സിന്റേത് അല്ലാത്തതായ ഒന്ന്, സ്വർഗ്ഗവും അതുപോലെ പാതളവും മിഷൻസ്സിലേക്കു നോക്കി കാത്തിരിക്കുകയാണ്. അവിടെയാണല്ലോ യുദ്ധക്കളം ഒരുങ്ങിയിരിക്കുന്നത്. ഇവിടെ ക്രിസ്തുവും പിശാചും ഓരോ രുത്തായി കൂട്ടിമുട്ടുന്നു. കഷ്ടം! സംഘട്ടനം വളരെ അയഞ്ഞ മട്ടിലാണ് നടന്നുകൊണ്ടിരിക്കുന്നത്.

6. മിഷനറി പ്രവർത്തനത്തെ സ്നേഹിക്കുന്നതിനാൽ നിങ്ങളുടെ ഉള്ളിലേക്കു ഒരു അനുഗ്രഹം വരും. താങ്കളുടെ വിശ്വാസം ശക്തിപ്പെടുവാനുള്ള കാര്യാദികൾ ഒരുക്കികൊടുക്കുക, എല്ലാ സാവകാശത്തിൽ നടന്നുകൊണ്ടും, അത് പക്ഷേ എങ്കിൽ ഒരിക്കലും മനുഷ്യരുടെ താല്പര്യങ്ങൾക്കു അനുസരിച്ചല്ലാതാകുന്നു. ദൈവത്തേയും അവിടുത്തെ വചനത്തേയും ആശ്ലേഷിക്കുവാൻ താങ്കൾ പഠിക്കേണം.

സ്നേഹം ഉണർത്തപ്പെട്ടിരിക്കണം. താങ്കൾ, താങ്കളുടേതായ ആ നിയന്ത്രണ വലത്തിനുപുറത്ത് വരുവാൻ പഠിക്കുകയും തുറന്ന കണ്ണുകളോടും അതുപോലെ വിശാല ഹൃദയത്തോടും നിന്റെ കർത്താവിന്റെ താലപര്യങ്ങളിൽ ജീവിക്കുവാൻ സാധിക്കും. നിങ്ങൾക്ക് മനസ്സിലാക്കാം. എത്ര ചെറിയ സത്യമായ സ്നേഹമാണുള്ളതെന്ന്. അതുപോലെ തന്നേ ആ സ്നേഹത്തിന്റെ അധികം വരുദിനങ്ങളിൽ സ്വീകരിക്കുവാൻ സഹായിക്കും.

താങ്കൾ ഇപ്പോൾ പ്രാർത്ഥനയ്ക്കായിട്ടു കടന്നുവരിക. നിങ്ങളുടെ വിളിയും അതുപോലെ ശക്തിയും ഒരു മദ്ധ്യസ്ഥത വാഹകനായിട്ടുള്ളത് . അതു കൂടുതൽ നിങ്ങൾക്ക് വ്യക്തമാക്കുകയും അതുപോലെ രാജ്യത്തിനയിട്ടു പ്രവർത്തിക്കുന്നതിന്റെ അനുഗ്രഹം പ്രാപിക്കുകയും ചെയ്യും. അവനുമായിട്ടുള്ള ഏറ്റവും ഉയർന്ന ഉറപ്പ് നിങ്ങ്അങ്ങൾക്ക് നേടുവാനും സാധിക്കും. നഷ്ടപ്പെട്ടുപോയതിനെ അന്വേഷിച്ചുവന്നവൻ നഷ്ടപ്പെട്ടതിനെ വീണ്ടെടുത്ത് വിശ്രാമം നല്കികൊണ്ട് സാത്താനോട് നിനക്ക് പകരം നിന്ന് യുദ്ധം ചെയ്തു പ്രാർത്ഥനയാൽ വിജയം തരുന്നവൻ.

നിങ്ങൾ ചിന്തിക്കുന്നതിലും വളരെ മഹത്വകരവും വിശുദ്ധവുമാണ് മിഷനറി പ്രവർത്തികൾ. നിങ്ങൾക്ക് അറിവുള്ളതിലും വലിയ അനുഗ്രഹങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. പുതിയ ജീവിതം ഇന്ന് നിങ്ങൾക്ക് ഉള്ളത് അതു നിങ്ങൾ മനസ്സിലാക്കിയതിലും വലുതാണ്. നിങ്ങൾ തന്നേ വചനത്തിനു മുമ്പാകെ സമർപ്പിതരാകുകയും നിങ്ങളുടെ ഹൃദയത്തിന്റെ ഒരു വലിയ സ്ഥാനം മിഷൻസിനു ലഭിക്കുകയും ചെയ്യട്ടെ. കർത്താവു തന്നേ കൂടുതൽ പഠിപ്പിക്കുകയും നിങ്ങളെ അനുഗ്രഹിക്കുകയും ചെയ്യട്ടെ.

ഇത് കർത്താവിന്റെ ജോലി ആയിരിക്കെ താങ്കൾ അത് അറിയുന്നുവെങ്കിൽ എങ്ങനെ വർദ്ധിപ്പിക്കാം നിങ്ങളുടെ സ്നേഹത്തെ ഈ മിഷ്യൻസി

നായിട്ടു ഇവിടെ പറയുന്ന നിർദ്ദേശങ്ങളെ പിൻതുടരുവാനായിട്ടു ശ്രമിക്കുക. മിഷനറി പ്രവർത്തികൾക്ക് കാരണം ആയിതീരും. എഴുത്തുകളും അതുപോലെ പുസ്തകങ്ങളും വായിക്കുകയും അങ്ങനെ രാഷ്ട്രങ്ങളുടെ ആവശ്യവും അവസ്ഥകളും അറിയുവാൻ സഹായിക്കുകയും, എന്താണെന്ന് അറിയുവാൻ, കർത്താവിന്റെ അനുഗ്രഹത്താൽ അവന് വേണ്ടി എല്ലാം ചെയ്തിരിക്കുകയാൽ ഇനിയും എന്ന് പ്രവർത്തികളാണ് ചെയ്തു തീർക്കുവാനും ഉള്ളത്. മറ്റുള്ളവരോടു ഇതിനെകുറിച്ച് സംസാരിക്കുക. മിക്കവാറും നിങ്ങളെ അയൽവക്കത്തു തന്നേ ഒരു ചെറിയ മിഷനറി സൊസൈറ്റി മീറ്റിംഗിൽ, പറയുക, മാസത്തിൽ ഒരിക്കൽ, മിഷനറി പ്രവർത്തനങ്ങളുടെ വളർച്ചയ്ക്കായിട്ടു പ്രാർത്ഥിക്കുക. അതുപോലെ, നിങ്ങളുടെ സ്വകാര്യ പ്രാർത്ഥനയിൽ ദൈവരാജ്യത്തിനു ഒരു പ്രത്യേക സ്ഥാനം ഉണ്ടായിരിക്കട്ടെ. ദൈവവചനത്തിലുള്ള വാഗ്ദത്തങ്ങൾ പ്രാർത്ഥനയിൽ കൂടി പ്രാപിച്ചെടുക്കുവാൻ പരിശ്രമിക്കുക. സകല വചനവും അതുപോലെ യെശയ്യാവും പ്രവാചകന്റെ ദേശത്തിനോടുള്ള ബന്ധത്തിൽ (യെശ. 49: 6, 60, 1-3). മിഷൻസിലും നല്കുക. ആവശ്യപ്പെടുമ്പോൾ മാത്രമല്ല, വിചാരം കൂടാതെ ഇരിക്കുമ്പോഴും അല്ല, എന്നാൽ ഇതിനായിട്ടു ഒരു ഭാരം മാറ്റി വയ്ക്കുക. എന്താണോ നിങ്ങൾക്ക് പ്രാപിക്കാൻ കഴിഞ്ഞത് അല്ലെങ്കിൽ സ്വായത്തം ആക്കിയത്. നിങ്ങളുടെ സമീപത്തു ഒരു മിഷനറി പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചെങ്കിൽ, അതിന്റെ ഒരു സുഹൃത്തായി തീരുക. അവിടെ അധികം അപ്പൂർണ്ണതകൾ ഉണ്ടായിരിക്കാം - എന്നാലും - എവിടെയാണ് മനുഷ്യരുടെ പ്രവർത്തികൾ പരിപൂർണ്ണമായി തീർന്നിട്ടുള്ളത്? അപൂർണ്ണതയെകുറിച്ച് പദ്ധതികൾ ഉയർത്തരുത്.

ദൈവപുത്രാ നീ ആത്മാവിനെ നിന്റെ ശിഷ്യ ഗണത്തിനുമിതെ പകർന്നു, പറഞ്ഞുകൊണ്ട്, പരിശുദ്ധാത്മാവിനെ പ്രാപിക്കുക, നീ കൂട്ടിചേർത്തു, " പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു ". കർത്താവേ, ഞാൻ ഇതാ - എന്നെയും അയയ്ക്കുക. എന്നിലും നിന്റെ ആത്മവിനെ അയയ്ക്കുക. അങ്ങനെ അങ്ങയുടെ രാജ്യത്തിനായിട്ടു എനിക്ക് ജീവിക്കുവാൻ സാധിക്കും. ആമേൻ. ❖

---

(8-ാം പേജിന്റെ തുടർച്ച)

## ഉണർവ്വിനായുള്ള ഹൃദയ കരച്ചിൽ

അയ്യോ ജാതികൾ തിരുമുമ്പിൽ വിറെക്കത്തക്കവണ്ണം നിന്റെ നാമത്തെ നിന്റെ വൈരികൾക്കു വെളിപ്പെടുത്തുവാൻ തീയിൽ ചുള്ളി കത്തുന്നതു പോലെയും മലകൾ നിന്റെ മുമ്പിൽ ഉരുകിപോകത്തക്കവണ്ണം തീ ആകാശം കീറി ഇറങ്ങിവന്നെങ്കിൽ കൊള്ളാമായിരുന്നു!

മനുഷ്യപുത്രൻ ജനിക്കുന്ന സമയം വരെയും ഇസ്രായേൽ രാജ്യത്തു പല സമയങ്ങളിലും ഉണർവ്വിന്റെ ഒളി പടർന്നിരുന്നു. പിശാച് രാ ഷ്ട്രത്തെ ആക്രമിച്ചു, അവന്റെ ശക്തിയാൽ തിരുവചനത്തിന്റെ പൂർത്തീകരണമായ മശീഹയുടെ വരവിനെ ഇല്ലാതാക്കുവാൻ വളരെയധികം പരിശ്രമിച്ചിരുന്നു. അവിടെ യെഹോശാഫാത്തിന്റെയും യോശിയാവിന്റെയും നിയന്ത്രണത്തിൽ ഉണർവ്വ് ഉണ്ടായി. എന്നാൽ ആഹാബ് രാജാവിന്റെ കാലഘട്ടത്തിൽ അത് വളരെ വൈകിയിരുന്നു. ഇത് കാണിക്കുന്നത് സകലതും തീർന്നുവെന്നാണ്. ആഹാബ് രാജാവ് തന്റെ കഴിവിന്റെ പരാമാവധി പ്രയോഗിച്ച് യഹോവയുടെ നാമത്തിലുള്ള ആരാധനയെ യിസ്രായേൽ രാഷ്ട്രത്തിൽ നിന്നു പൂർണ്ണമായിട്ട് തുടച്ചുനീക്കുവാൻ വേണ്ടി പ്രവർത്തിച്ചു. എല്ലാ പട്ടണങ്ങലിലും ഗ്രാമങ്ങളിലും പ്രദേശങ്ങളിലും തെരുവുകളിലും അവൻ വിഗ്രഹത്തെ സ്ഥാപിച്ചു, വിശുദ്ധ ബൈബിൾ പറയുന്നത്, അവസാനത്തിൽ ദേവാലയം അടച്ചുപൂട്ടുവാ നും യാഗപീഠത്തിൽ തീയിട്ട് നശിപ്പിക്കുവാനും ഉത്തരവിറക്കുകയും ചെയ്തു. വിഗ്രഹാരാധന രാജ്യത്തു വ്യാപിച്ചിരുന്നു.

എന്നിട്ടു രണ്ട് ആഴ്ചവട്ടത്തിൽ, സകലതും തിരിഞ്ഞും മറിഞ്ഞും ദുർമാർഗ്ഗിയായ ആഹാബു രാജാവു മരിച്ചു കഴിഞ്ഞപ്പോൾ അടുത്ത ദിവസം തന്നേ ഹിസ്ക്കിയാവു തുടർഭരണം ഏറ്റെടുക്കുകയും, അവൻ അടഞ്ഞുകിടന്നിരുന്ന ദേവാലയത്തിന്റെ കതകു തുറക്കുകയും ലേവി പുരോഹിതൻമാരെ നിയോഗിച്ചു ആലയത്തെ ശുദ്ധീകരിക്കുകയും ചെയ്തു. രണ്ട് ആഴ്ചയോളം സമയം എടുത്തു അവർ ആലയത്തെ വൃത്തിയാക്കുകയും അതിൽ ഉണ്ടായിരുന്ന സകലവിധമായ നിരർത്ഥക ദ്രവ്യത്തെ പുറത്താക്കുവാൻ വേണ്ടി..

അവർ മടങ്ങി വന്ന് രാജാവിന് കാര്യം പറഞ്ഞും, അവിടെയെല്ലാം വൃത്തിയാക്കി എന്ന് അപ്പോൾ തന്നേ അവൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു, " നാളെ പ്രഭാതത്തിൽ തന്നേ ആരാധന ആരംഭിക്കേണം. മുൻ നിരയിൽ നിന്നിരുന്ന യിസ്രായേല്യർ എല്ലാവരും ആലയത്തിൽ പ്രവേശിക്കുകയും അതുപോലെ കർത്താവിനെ ആരാധിക്കുകയും ചെയ്തു. കർത്താ വിന്റെ നാമത്തിലള്ള സ്തോത്രഗാനങ്ങൾ വീണ്ടും പാടുവാൻ തുടങ്ങി. യാഗപീഠത്തിൽ അഗ്നി വീണ്ടും കത്തിജ്വലിക്കുവാൻ കർത്താവിന്റെ നാമത്തിൽ തുടങ്ങി. ഇത് രാഷ്ട്രത്തെ മുഴുവൻ തലകീഴായിട്ട് മറിക്കുകയും ജനം കർത്താവിനെ ഭയപ്പെടുവാനും തുടങ്ങി.

ദൈവം ആയവൻ ഉണർവ്വിന്റെ ദൈവം ആണ്, അതുപോലെ ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ദൈവം ഉണർവ്വിനെ അയക്കുന്നു എന്ന് താങ്കൾക്ക് അറിവുള്ളതുപോലെ ബ്രിട്ടൻ എന്ന രാഷ്ട്രത്തിലെ ജോൺ വെസ്ലിയെയും അതുപോലെ ജോർജ്ജ് വൈറ്റ് ഫീൽഡിനെയും ദൈവം ഒരു ഉണർവ്വിനുവേണ്ടി ഉയർത്തിയവരാണ്. പ്രധാന മന്ത്രി ആകട്ടെ പരസ്യമായിട്ടും അധാർമ്മികതയിലായിരുന്നു. ചില സാമൂഹികമായ അവസരങ്ങൾ അതായത് പ്രമാണ്യത്തിന്റെയും രാജകീയതയുടെയും പരസ്യങ്ങൾ നിങ്ങൾ ആഗ്രഹിക്കുന്നത്രയും വീഞ്ഞുകുടിക്കുവാനുള്ള സ്വാതന്ത്ര്യത്തെ നല്കുകയും, അതുപോലെ തന്നേ നിങ്ങളുടെ അയൽപക്കത്തു താമസിച്ചുകൊണ്ടിരിക്കുന്നവന്റെ ഭാര്യയെ ഭോഗിക്കുവാനും ഉള്ള സ്വാതന്ത്ര്യമായിട്ട് ഉപയോഗിക്കുന്നു. പാപം അതിന്റെ എല്ലാം നിലവാരത്തിലും മൂർദ്ധന്യാവസ്ഥയിൽ ആയിരുന്നു. ആ സമയത്ത്, ലണ്ടൻ സിറ്റിക്കു പുറത്ത് ജീവിതം തികച്ചും അരക്ഷതയുടെയും സുരക്ഷിതത്വം ഇല്ലാത്തതും ആയിരുന്നു. പ്രത്യേകിച്ചു പ്രബിഹ്ഗാമിലും മാഞ്ചെസ്റ്ററിലും ജനങ്ങൾ പൂർണ്ണ ആയുധങ്ങളോടു കൂടിയാണ് യാത്രക്കാർ നടന്നിരുന്നത്. എന്തുകൊണ്ടെന്നാൽ ആൾക്കാർ ആ കാലഘട്ടങ്ങളിൽ രാജ്യത്തു മാരകായുധങ്ങളുമായിട്ടാണ് സഞ്ചരിക്കുന്നത്. എന്നാൽ ഇതു വളരെ താമസിച്ചിരുന്ന. ഇംഗ്ലണ്ടിൽ ഉണർവ്വ് സൃഷ്ടിക്കപ്പെട്ടും എന്തുകൊണ്ടെന്നാൽ ദൈവത്തിന് ജോൺ വെസ്ലി വൈറ്റ് ഫീൽഡ് അതുപോലെ ദൈവജനങ്ങളും ഉണ്ടായിരുന്നു. ഇതുകൊണ്ട് ദൈവത്തിന് വളരെ താമസമല്ലായിരുന്നു.

### ഉണർവ്വിന്റെ വാഹകർ

ദൈവം ജനങ്ങളെ എഴുന്നേല്പിച്ചു. അവരൊക്കെയും ഉണർവ്വിന്റെ വ്യക്തികളായിട്ടു മാറി, അല്ലെങ്കിൽ ഞാൻ അങ്ങനെ പറയുമായിരുന്നു, ഉണർവ്വ് വാഹകരെന്ന്. മനുഷ്യന് ഉണർവ്വിനെ വഹിക്കുവാൻ കഴിയുമോ? എന്നാൽ

(ശേഷം 11-ാം പേജിൽ)

(10-ാം പേജിന്റെ തുടർച്ച)

## ഉണർവ്വിനായുള്ള ഹൃദയ കരച്ചിൽ

അവന് സ്വതേ അതു ചെയ്വാൻ സാധ്യമല്ല, അവനെ അതിനുവേണ്ടി ഉപയോഗിക്കാം.

ചാൾസ് ജി.ഫിന്നി ഒരു ഉർണവ്വിന്റെ വ്യക്തിയായിട്ടാണ് കാണപ്പെട്ടിരുന്നത്. വർഷങ്ങൾ തോറം അദ്ദേഹം സ്ഥലങ്ങൾ മാറി മാറി യാത്ര ചെയ്യുക പതിവായിരുന്നു. എവിടേക്കാണോ അദ്ദേഹത്തെ നയിച്ചിരുന്നത് അവിടേക്ക്. അദ്ദേഹം അവിടവിടങ്ങളിൽ രണ്ടോ അതോ മൂന്നോ മാസക്കാലം താമസിക്കുകയും അല്ലെങ്കിൽ ഉണർവ് വരുവോളം. അദ്ദേഹത്തിന്റെ മാനസാന്തരം മുതൽക്കേ ദൈവത്തിനു വേണ്ടി പ്രയോജനപ്പെടുന്ന ഒരു അഗ്നിയായിട്ട് കാണപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെമേൽ പരിശുദ്ധാത്മാവിന്റെ ഒരു പകർച്ച വരുവോളം, താൻ ആ അഗ്നിയോട് കൂടെ സഞ്ചരിച്ചിരുന്നു. താൻ യാത്ര ചെയ്തു സഞ്ചരിച്ച സ്ഥലങ്ങളിൽ ഒക്കെയും ഉണർവ് സൃഷ്ടിക്കപ്പെട്ടുകൊണ്ടിരുന്നു.

ജോനാഥാൻ ഗോഫോർത്ത് വടക്കേ ചൈനയിലെ വിശ്വസ്തനായ ഒരു മിഷനറി പ്രവർത്തകനായിരുന്നു. ആരോ തനിക്ക് അയച്ചുകൊടുത്ത ഒരു ലഘുലേഖ അത് ഫിന്നിയുടെ എഴുത്തുകൾ ആയിരുന്നു. അത് വായിച്ചതിനുശേഷം തന്റെ ഭാര്യയോടു താൻ പറഞ്ഞു, ഫിന്നി ശരിയാണെങ്കിൽ ഞാൻ അത് തെളിയിക്കുവാൻ പോകുകയാണ്. ആരോ ദൈവാധീനമായിട്ടാണ് ചാൾസ് ഫിന്നിയുടെ ലേഖനത്തിന്റെ പകർപ്പ് അദ്ദേഹത്തിനു അയച്ചുകൊടുത്തത്. എല്ലാം കൊണ്ടും അദ്ദേഹം വളരെ ചിന്താകുലനായിതീർന്നു.

ഏകദേശം ആ സമയത്ത് വിദേശ മിഷനറി സെക്രട്ടറി കനേഡിയൻ പ്രസ്ബിറ്ററിയൻ ചർച്ചിൽ നിന്ന് ടൊറൊണോയിൽ നിന്ന് വടക്കെ ചൈനയിൽ കുറെ ആഴ്ചകൾ താമസിക്കുവാൻ വേണ്ടി എത്തിച്ചേർന്നു. അവൻ മിസ്റ്റ് ഗോഫോർത്തിനോടു പറഞ്ഞു. ഞാൻ പ്രവർത്തനങ്ങളെ കുറിച്ച് കേട്ടകൊണ്ടിരിക്കുകയാണ്. കൊറിയയിലുള്ള ഉണർവ്വിനെ കുറിച്ച് ഞാൻ അവിടേക്കു പോകുവാൻ ആഗ്രഹിക്കുകയാണ്. അവിടെ ചെന്ന് നേരിൽ ഒന്നു കാണട്ടെ ഞാൻ കേട്ടതൊക്കെയും ശരിയാണോ അതോ അല്ലയോ എന്ന്, താങ്കൾ എന്റെ കൂടെ യാത്ര ചെയ്യുവാൻ ഇഷ്ടപ്പെടുന്നുവോ?

ഗോഫോർത്ത് മനസ്സിൽ നിശ്ചയിച്ചിരുന്നു യാത്രയ്ക്കായിട്ട്. അങ്ങനെ അവൻ അദ്ദേഹത്തിനോട് ചേർന്ന് യാത്ര തുടങ്ങി; അതുപോലെ ദൈവം അവിടെ എന്താണ് ചെയ്യുന്നതെന്ന്. ചൈനയിലേക്കു ജോനാഥാൻ ഗോഫോർത്ത് മടങ്ങി വന്നു. അവൻ മടങ്ങി വന്ന ആ രാത്രിയിൽയിൽ തന്നേ ആ നാട്ടിലെ കഥകൾ പറയുവാൻ നിർബന്ധിതനായി. അതുപോലെ കൊറിയയിലേതു പോലെ ഉണർവ്വ് ചൈനയിലും ആരംഭിച്ചു. ഗോഫോർത്ത് അങ്ങനെ ഒരു സ്ഥലത്തു നിന്നു മറ്റുള്ള പ്രവർത്തന സ്ഥലങ്ങളിലേക്കു യാത്രചെയ്തുകൊണ്ടിരുന്നു, അതുപോലെ എല്ലാം സ്ഥലങ്ങളിലും അവൻ താമസിക്കുകയും, അവിടൊക്കെയും ഉണർവ്വുകൾ സംഭവിച്ചുകൊണ്ടിരുന്നു.

### ഉണർവ്വ് സൃഷ്ടിക്കുന്നത് ദൈവസ്വഭാവം

ദൈവം ഉണർവ്വ് അയയ്ക്കുക മാത്രമല്ല ചെയ്യുന്നത്, പ്രത്യുത ഇത് ദൈവത്തിന്റെ ഒരു സ്വഭാവം കൂടിയാണ് ഉണർവ്വ് ഉണ്ടാക്കുക എന്നുള്ളത്. ദൈവം ദയയുടെയും ആർദ്രതയുടെയും ദൈവം ആണ്. ദൈവം എന്നുള്ളത് അത് സ്നേഹത്തിന്റെ ദൈവം ആണ്. ദൈവം അവിടുത്തെ ആത്മാവിനെ പകരുവാൻ ആഗ്രഹിക്കുന്ന ഒരു ദൈവം ആണ്. നമുക്കു ബൈബിളിൽ മതിയാവോളം കാരണങ്ങൾ ഉണ്ട് വിശ്വസിക്കുവാൻ. അതായത് ദൈവം സമ്മതത്തിന്റേതും നമ്മുടെ ദിനങ്ങളിൽ പുതുമ്മേഷത്തിന്റെ സമയങ്ങളെ അയക്കുന്നവനുമാണ്. ചരിത്രങ്ങളിൽ ഉണർവ്വിനും പ്രാർത്ഥനയ്ക്കു വേണ്ടിയുള്ള അധികം വിശപ്പും ദൂരെവ്യാപകമായിട്ട് വ്യാപിച്ചിരിന്നുവെന്ന് ഉണർവ്വ് സംഭവിച്ചപ്പോൾ അത് അധികം ശക്തിയോടെ വ്യാപിച്ചിരുന്നതായിട്ടും കാണപ്പെടുന്നു.

ഇന്നും ദൈവം അതേ കാര്യങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. തീർച്ചയായിട്ടു വിശുദ്ധമായതു പൂർത്തീകരിക്കാത്തുതമായ യേശുവിന്റെ ഹൃദയത്തിലുണ്ടായ വിശപ്പും, അവിടുത്തെ മണവാട്ടി പൂർണ്ണമായി പരിശുദ്ധം ആയിരിക്കണമെന്നും കറ ഇല്ലാത്തവളും, അതുപോലെ അവിടുത്തെ മഹത്വത്താൽ പ്രശോഭിക്കപ്പെട്ടവളും ആയിരിക്കണമെന്നും വീണ്ടും വീണ്ടും ഉത്തരം അരുളിയവനുമായിരുന്നു. തീർച്ചയായിട്ടും പരിശുദ്ധാത്മാവിന്റെ വിശുദ്ധിയെകുറിച്ചാണ് അവിടുന്ന് നമ്മോടു പറഞ്ഞിരിക്കുന്നത്, ദൈവത്തിന്റെ മക്കൾ, ഒരു ഉണർവ്വിനുവേണ്ടി വിശ്വസിക്കുവാൻ ഹേതു ആകുകയും, ഉത്തരം അരുളിയതയും. പരിശുദ്ധാത്മാവിന്റെ വിശുദ്ധമായ ഞരക്കം ചിലപ്പോഴൊക്കെയും താങ്കളുടെയും എന്റെയും ഹൃദയത്തിലേക്കു കടന്നുവരുകയും അങ്ങനെ നാം ആയിരിക്കുന്നുവെങ്കൽ, ദൈവത്തോടു ചേർന്ന് നടക്കുകയും അതുപോലെ നാം ആയിരുന്നുവെങ്കിൽ, ചിലപ്പോഴൊക്കെയും വാക്കുകൾക്കുവേണ്ടിയുള്ള ആഴങ്ങളിലെ ഞരക്കങ്ങളും എവിടെ നിന്നാണ് ഇതെല്ലം ആരംഭിക്കുന്നത് എന്നാണ് താങ്കൾ പറയുന്നത്? നമ്മിൽ അല്ല, പ്രത്യുത ഇതെല്ലാം ദൈവത്തിന്റെ ഹൃദയത്തിലാണ്. നാം ദൈവത്തോടു വളരെ അടുത്തു എത്തുമ്പോഴേക്കു മുക്ക് മനസ്സിലാക്കുവാൻ സാധിക്കും ദൈവത്തിന്റെ ആഗ്രഹം എന്താണെന്ന്.

താങ്കൾ ഓർമ്മിക്കുന്നുണ്ടോ യേശു എത്ര തവണ നിരാശയിൽ ആണ്ടുപോയി തന്റെ ശിഷ്യഗണത്തിന്റെ അവിശ്വാസത്തെ കണ്ടതിനാൽ? ഓ, ദൈവം ക്ഷമിക്കുന്നു നമ്മുടെ ബലഹീനമായ വിശ്വാസത്തെ കണ്ടിട്ട് സൂചന നല്കുകയാണ്. പുതിയത് വരുന്നതായിട്ടും പുതുമ്മേഷത്തിന്റെ ശക്തമായ സമയങ്ങൾ കർത്താവിൽ നിന്ന് വരുന്നതായിട്ട്! നമുക്ക് എങ്ങനെയെങ്കിലും വിശ്വസിക്കുവാൻ സാധിക്കുന്നുവോ അവിടുത്തെ വാഗ്ദത്തങ്ങൾ നമുക്കായിട്ടുള്ളതാണെന്ന്. പരിശുദ്ധാത്മാവിന്റെ ഇപ്പോഴുള്ള ഈശ്വരാജ്ഞയാണ്. ഇത് ഇപ്പോഴും കൃപയുടെ കാലഘട്ടം ആണ്; ഇത് ഇപ്പോഴും ഉണർവ്വിന്റെ കാലഘട്ടമാണ്; പുതുമ്മേഷത്തിന്റെയും, പുതുക്കത്തിന്റെയും ഏതെല്ലാം പദപ്രയോഗങ്ങൾ താങ്കൾ പ്രയോഗിക്കുവാൻ മനുഷ്യ ചരിത്രത്തിന്റെ കാലഘട്ടവും അതുപോലെ ദൈവം തന്റെ സഭയെ അനുഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നതുമാണ് പുതിയ ഒരു വെളിപ്പാടിനാൽ , അവിടുത്തെ ആത്മാവിന്റെ പുതിയ ഒരു പകർച്ചയാൽ.

### ഉണർവ്വാണ് - ദൈവത്തിന്റെ ഹൃദയത്തിലുള്ള കരച്ചിൽ

ഞാൻ എന്റെ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുകയാണ് ഉണർവ്വാണ് ദൈവത്തിന്റെ ഹൃദയത്തിലുള്ള കരച്ചിൽ എന്ന്. ഞാൻ വിശ്വസിക്കുകയാണ് ദൈവം ആഗ്രഹിക്കുന്നത്. അവിടുന്ന് അധികം ഔദാര്യമനസ്കനായിരിക്കുവാൻ. ഞാൻ വിശ്വസിക്കുന്നു അവിടുത്തെ ദയയുടെ ഹൃദയം അത് എല്ലാടവും എത്തിച്ചേരുകയും അതുപോലെ ഞാൻ വിശ്വസിക്കുകയാണ്. അത് എങ്ങനെയെങ്കിലും സഭയിൽ അവിടെ പൂർത്തീകരിക്കാത്ത പ്രവർത്തികൾ ഇപ്പോഴും ഉള്ളതായിട്ടും, തീർച്ചയായിട്ടും, ക്രിസ്തുവിന് വളരെ പെട്ടെന്നുള്ള പ്രവർത്തികൾ ചെയ്യുവാൻ സാധിക്കും. ഉണർവ്വ് കുറെ ആഴ്ചകളിൽ ഉള്ളിൽ

(ശേഷം 12-ാം പേജിൽ)

(11-ാംപേജിന്റെ തുടർച്ച)

## ഉണർവ്വിനായുള്ള ഹൃദയ കരച്ചിൽ

സംഭവിക്കുകയും, അല്ലെങ്കിൽ ഇത് നിലനിൽക്കുന്നുവെങ്കിൽ, ഒരു വർഷത്തിലോ, അതുപോലെ ഒന്നരവർഷത്തിനുള്ളിലോ അല്ലെങ്കിൽ അങ്ങനെ, നാല്പതുവർഷങ്ങൾക്ക് മുമ്പ് എന്താണ് പ്രവർത്തിക്കുവാൻ സാധിക്കാതെ ഇരുന്നത്.

പ്രവൃത്തിയെ എന്താണ് ദ്രുതഗതിയിലേക്കു നടത്തുന്നത് അവൻ വരുമ്പോൾ ഉണർവ്വിന്റെ വ്യാപ്തിക്കും അതുപോലെ ശക്തിക്കും കാരണം 1858 ഉം 1859 -ലും സഭയിൽ സംഭവിച്ചതുപോലെ ഉണർവ്വ് ഈ രാജ്യത്തൽ വിജയം സംഭവിക്കുവാൻ അവിടുന്ന് വട്ടമിട്ടു പറക്കുകയും ചെയ്തിരുന്നതിനാൽ, ജെരമ്യാവു ലാംബിംയറിന്റെ കാലഘട്ടത്തിൽ ഉണർവ്വിന്റെതുപോലെ ഒരു തീപ്പൊരി മതിയായിരുന്നു. അവൻ ന്യൂയോർക്ക് സിറ്റിയിൽ ഒരു പ്രാർത്ഥന മീറ്റിംഗ് തുടങ്ങുകയും, അതുവളരെ കുറെച്ച് മാസങ്ങൾക്കുള്ളിൽ തന്നേ ആ സിറ്റിയിൽ മുഴുവൻ സ്ഥലങ്ങളിലും പ്രാർത്ഥന കൂട്ടായ്മകൾ ആരംഭിക്കുകയും ചെയ്തു. അപ്പോൾ അത് അമേരിക്കയുംടെ മുഴുവൻ പ്രാന്ത പ്രദേശങ്ങളിലേക്ക് വ്യാപിച്ചു.

വാഷിംഗ്ടണിലെ ഡി,സി. യിൽ ഓരോ ദിവസങ്ങൾക്കു ശേഷം യുണൈറ്റഡ് സ്റ്റേറ്റ് സിന്റെ പ്രസിഡ്റ് ഒരു ഉച്ചസമയത്തുള്ള മീറ്റിംഗിലേക്കു പോയി. അധികം മാസങ്ങൾ പിന്നിടുന്നതിനു മുമ്പെ തന്നെ 10,000 ത്തിൽ അധികം സിറ്റികളും അതുപോലെതന്നെ ടൗണുകളും അമേരിക്കയിലെ വലിയ വ്യവസായികൾ അവരുടെ വ്യവസായ വാണിജ്യശാലകൾ എല്ലാം ദിവസവും ഉച്ചയ്ക്കു മുൻപായിട്ട് അടച്ചു ഇടുകയും, എല്ലാ ഉച്ചകളിലും, അതുപോലെ തന്നേ അവർക്കെല്ലാവർക്കും ഒരുമിച്ച് കൂടി വരുവാൻ തക്ക സ്ഥലങ്ങൾ കണ്ടെത്തുകയും അവരെല്ലാവരും അവിടെ കൂടിവരികയും ചെയ്തിരുന്നു. മിക്കപ്പോഴും ചില വ്യവസായ വാണിജ്യശാലകളുടെ കതകുകളിൽ ഇങ്ങനെ രേഖപ്പെടുത്തിയിരുന്ന പേപ്പർ അവർ ഒട്ടിച്ചിരുന്നു. പ്രാർത്ഥന മീറ്റിംഗ് കഴിയുന്നതുവരേയും അടച്ചിട്ടിരിക്കുന്നു.

ആരാണ് പ്രസംഗിച്ചിരുന്നത്? ആരും തന്നേ ഇല്ല. അവിടെ പ്രസംഗിക്കുവാൻ സമയം ഇല്ലായിരുന്നു. കൂടിവന്നിരുന്നവർ ഒരുമിച്ച് ചില സ്തോത്രഗീതങ്ങൾ പാടിയതിനുശേഷം എല്ലാവരും ഒരുമിച്ച് എഴുന്നേൽക്കുകയും പ്രാർത്ഥന തുടങ്ങുകയും ചെയ്തിരുന്നു. അവർ അങ്ങനെ പ്രാർത്ഥിച്ച് കൊണ്ടിരുന്നു. ഒരു കാര്യത്തിനു ശേഷം വേറൊരു കാര്യം. അങ്ങനെ പ്രാർത്ഥന നീണ്ടുപോയികൊണ്ടിരുന്നു. അവർ ഒരു മണിയാകുന്ന സമയം പ്രാർത്ഥന നിർത്തുകയും അവരുടെ ബിസിനസിലേക്കു വീണ്ടും പ്രവേശിക്കുകയും ചെയ്തിരുന്നു. ഇത് പരിശുദ്ധാത്മാവിന്റെ അസാധാരണമായ പ്രവൃത്തിയുടെ കാലഘട്ടം ആയിരുന്നു. അവിടെ പ്രാർത്ഥനയുടെ ഒരു വിതാനം തന്നേ സൃഷ്ടിക്കപ്പെട്ടു. പ്രത്യേകിച്ച് കിഴക്കൻ അമേരിക്കയിൽ പ്രാർത്ഥനയുടെ ഒരി തീജ്വാല തന്നേ ഉയർന്നിരുന്നു.

ദൈവത്തിന്റെ ഹൃദയം നാം കണ്ടിരുന്നുവെങ്കിൽ നമുക്ക് അറിയുവാൻ സാധിക്കുമായിരുന്നു. അവിടുന്ന് കടന്ന് വന്ന് തന്റെ ജനത്തെ അനുഗ്രഹിക്കുവാൻ എത്ര മാത്രം ആഗ്രഹിക്കുന്നുവെന്ന്. അവിടുന്ന് ആഗ്രഹിക്കുകയാണ് നമ്മുടെ സഭ കമ്മിറ്റികളിൽ കടന്ന് വരുവാൻ അതുപോലെ കോൺഫറൻസുകളിലും കൺവൻഷനുകളിലും അതുപോലെയുള്ള നമ്മുടെ സകല വിധമായ പ്രവർത്തനരംഗങ്ങളിലും അവിടുന്ന് ആഗ്രഹിക്കുകയാണ് മേലാധികാരം ഉള്ളവൻ ആയിതീരുവാൻ. അവിടുന്ന് ആഗ്രഹിക്കുകയാണ് അവിടുത്തെ മഹത്വത്തെ ഉണർത്തുവാൻ.

ഓ അതാ ഉണർവ്വ് വരുന്നു, അതാ ദൈവം താഴേക്കു ഇറങ്ങി വരുന്നു, യെശയ്യാവ് പ്രവാചകൻ പ്രാർത്ഥിച്ചതുപോലെ നമുക്ക് അറിവുള്ളതുപോലെ ദാവീദാണ് കർത്താവിനോട് താഴേക്കു ഇറങ്ങി വന്ന് ഒരു ഉണർവ്വിന്റെ ശക്തിയ്ക്കായിട്ട് ആദ്യമായിട്ട് പ്രാർത്ഥിച്ചത്: " യഹോവേ ആകാശം ചായിച്ചു ഇറങ്ങി വരേണമേ; പർവ്വതങ്ങൾ പുകയുവാൻ തക്കവണ്ണം അവയെ തൊടേണമേ " (സങ്കീ. 144:5).

ഓ നമ്മുടെ ജീവിതങ്ങളിലേക്കു ദൈവ ഇറങ്ങി വരട്ടെ, അത് നമ്മുടെ സാധാരണ ക്രിസ്തീയ ജീവിതത്തിലെ സകല അസംതൃപ്തികളെയം മാറ്റുകയും ചെയ്യും. ഓ, അതേ ദൈവമഹത്വം നമ്മുടെ മേൽ വരട്ടെ, അവിടുത്തെ സഭയിലേക്കു! താങ്കൾ ഓർക്കുക എങ്ങനെയാണ് യെശയ്യാവ് പ്രാർത്ഥിച്ചതെന്ന്.

" അയ്യോ ജാതികൾ തിരുമുമ്പിൽ വിറെക്കത്തക്കവണ്ണം നിന്റെ നാമത്തെ നിന്റെ വൈരികൾക്കു വെളിപ്പെടുത്തുവാൻ തീയിൽ ചുള്ളി കത്തുന്നതുപോലെയും മലകൾ നിന്റെ മുമ്പിൽ ഉരുകിപോകത്തക്കവണ്ണം നീ ആകാശം കീറി ഇറങ്ങിവന്നെങ്കിൽ കൊള്ളാമായിരുന്നു ". ഞങ്ങൾ വിചാരിച്ചിട്ടില്ലാത്ത ഭയങ്കരകാര്യങ്ങളെ നീ പ്രവർത്തിച്ചപ്പോൾ തീ ഇറങ്ങി വരികയും മലകൾ തിരുമുമ്പിൽ ഉരുകിപോകുകയും ചെയ്തുവല്ലോ. നീയല്ലാതെ ഒരു ദൈവം തന്നേ കാത്തിരിക്കുന്നവനുവേണ്ടി പ്രവർത്തിക്കുന്നതു പണ്ടുമുതൽ ആരും കേട്ടിട്ടില്ല. ഗ്രഹിച്ചിട്ടുമില്ല, കണ്ണുകൊണ്ടു കണ്ടിട്ടുമില്ല. സന്തോഷിച്ചു നീതി പ്രവർത്തിക്കുന്നവരെ നീ എതിരേല്പക്കുന്നു; അവൻ നിന്റെ വഴികളിൽ നിന്നെ ഓർക്കുന്നു; നീ കോപിച്ചപ്പോൾ ഞങ്ങൾ പാപത്തിൽ അകപ്പെട്ടു; ഇതിൽ ഞങ്ങൾ ബഹുകാലം കഴിച്ചു; ഞങ്ങൾ ക്കു രക്ഷ ഉണ്ടാകുമോ? (യെശ. 64:1-5). ഇതു തന്നേയാണ് ദൈവം വീണ്ടും പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നത്. നമുക്ക് പ്രവർത്തിക്കുവാൻ ഇതിൽ ഒന്നും തന്നെയില്ല. ഇത് എന്താകുന്നുവോ അത് ദൈവമാണ് നല്കുന്നത്. നമുക്ക് നല്കുന്ന ഒരു ദൈവമാണ് ഉള്ളത്. നമുക്ക് ഒരു ഔദാര്യത കാട്ടുന്ന ദൈവം ഉണ്ട്. നമുക്ക് ഒരു ദൈവം ഉണ്ട്. അവൻ ഉണർവ്വിനെ സ്നേഹിക്കുന്നവനാണ്. നമുക്ക് ഒരു ദൈവം അവൻ അവിടുത്തെ സഭയെ സ്നേഹിക്കുന്നവനാണ്. നമുക്ക് ഒരു ദൈവം ഉണ്ട് അവിടുന്നു അറിയുന്നു തന്റെ സഭ ഇതുവരെയും ഒരുക്കപ്പെട്ടിട്ടില്ല യെന്ന്. ഓ ദൈവം അവിടുന്ന് ശുദ്ധീകരണത്തിന്റെ പ്രവൃത്തികൾ അയക്കട്ടെ, അവിടുത്തെ വിശുദ്ധീകരണ പ്രവൃത്തികൾ, അവിടുത്തെ ഉത്സാഹിപ്പിക്കുന്ന പ്രവൃത്തികൾ, അവിടുത്തെ ചൈതന്യം വരുത്തുന്ന പ്രവൃത്തികൾ!

താങ്കൾ എല്ലാ ദിവസവും ഉണർവ്വിനുവേണ്ടി ദൈവമുമ്പാകെ പ്രാർത്ഥിക്കുമോ? ഞാൻ വിശ്വസിക്കുകയാണ് ദൈവം ഔദാര്യം ഉള്ളവനാണെന്ന് തന്നെതന്നെ കാണിക്കുവാൻ വേണ്ടി കാത്തിരിക്കുകയാണെന്ന്. ദൈവം നമ്മുടെ എല്ലാ ഹൃദയങ്ങളെ ഒന്നു കത്തിക്കേണ്ടതിനു അവിടുത്തെ ഉണർവ്വിന്റെ അഗ്നിയെ അയക്കട്ടെ, നമ്മുടെ എല്ലാ സഭകളിലും നമ്മുടെ രാജ്യത്തിലും ലോകത്തിലും! ❖